# الإسلام للنّاشئين

# ഇസ്‌ലാം തുടക്കക്കാർക്ക്

ശമീർ മദീനി

# الإسلام للنّاشئين
# ഇസ്‌ലാം തുടക്കക്കാർക്ക്

NICHE PUBLICATIONS
P.B No: 832, Poothole, Thrissur - 4.

Malayalam | Study | Islam Thudakkakkarku
ഇസ്‌ലാം തുടക്കക്കാർക്ക്
Author: Shameer Madeeni | First Edition: July 2013
**Price: ₹. 35.00**

**Publishers | Distribution:**
Niche Publications | P.B. No:832 | Poothole | Thrissur-4 | Kerala | India
www.nicheoftruth.org | Email: dawa@nicheoftruth.org
Cover: Niche Graphics | Layout: Safeer Rahman
Printing: Ebenezer Printers, Thrissur

**ഈ** ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് - നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് സ്വർഗവും പാപം ചെയ്തവന് നരകവും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ക്വുർആൻ. മുഹമ്മദ് നബിﷺയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് ***നിച്ച് ഓഫ് ട്രൂത്ത്.***

വിശ്വാസം ഇസ്‌ലാമിന്റെ അടിത്തറയാണ്. അതിന്റെ അഭാവത്തിലുള്ള കർമങ്ങൾ അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുകയില്ല. ഇസ്‌ലാമിക വിശ്വാസ, ആദർശങ്ങൾ മനസ്സിലാക്കേണ്ടത് അതിന്റെ മൗലിക പ്രമാണങ്ങളായ പരിശുദ്ധ ക്വുർആനിൽ നിന്നും പ്രവാചകാധ്യാപനങ്ങളിൽ നിന്നുമായിരിക്കണം. പ്രമാണബദ്ധമല്ലാത്ത വിശ്വാസങ്ങളെ അന്ധവിശ്വാസങ്ങളായി തിരിച്ചറിഞ്ഞ് കയ്യൊഴിക്കാനും അത് സഹായിക്കും.

ഇസ്‌ലാം പഠിപ്പിക്കുന്ന ആറ് അടിസ്ഥാന വിശ്വാസങ്ങളെ പ്രാഥമികമായി പരിചയപ്പെടുത്തുകയാണ് ഈ ലഘുകൃതി. ഈ ദൗത്യം നിർവഹിച്ചിരിക്കുന്നത് ശമീർ മദീനിയാണ്. വായിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടത് മാന്യ വായനക്കാരാണ്. തെറ്റുകൾ സദയം ചൂണ്ടിക്കാണിക്കുക.

അല്ലാഹുവേ, നിന്റെ സത്യമത സന്ദേശ പ്രചരണത്തിനു വേണ്ടിയുള്ള ഈ എളിയ ശ്രമം ഞങ്ങളിൽ നിന്ന് സ്വീകരിക്കേണമേ, ദുർബലമായ ഞങ്ങളുടെ കരങ്ങൾക്ക് നീ ശക്തി പകരേണമേ.... (ആമീൻ).

**മാനേജർ**

**പരമകാരുണികനായ അല്ലാഹുവിന്റെ നാമത്തിൽ.....**

ഇസ്‌ലാമിക അധ്യാപനങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ് വിശ്വാസ കാര്യങ്ങൾ. ഓരോ മുസ്‌ലിമും നിർബന്ധമായും അറിയുകയും വിശ്വസിക്കുകയും ചെയ്യേണ്ടുന്ന ആറ് വിശ്വാസ കാര്യങ്ങളുണ്ട്. ഈമാൻ കാര്യങ്ങളെന്ന പേരിൽ അറിയപ്പെടുന്ന ഇവ യഥാക്രമം അല്ലാഹുവിലുള്ള വിശ്വാസം, മലക്കുകളിലുള്ള വിശ്വാസം, വേദ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, പ്രവാചകന്മാരിലുള്ള വിശ്വാസം, അന്ത്യദിനത്തിലുള്ള വിശ്വാസം, വിധി വിശ്വാസം എന്നിങ്ങനെയാണ്.

ഉപരി സൂചിത വിശ്വാസകാര്യങ്ങളെ കുറിച്ചുള്ള ഒരു പ്രാഥമിക വിശകലനമാണ് ഈ കൃതിയിലുള്ളത്. ഈ കൃതി പുറത്തിറക്കുന്നതിൽ സഹകരിച്ച നിരവധി സഹൃദയരുണ്ട്. അവരോടുള്ള കടപ്പാടുകൾ അറിയിക്കുന്നതോടൊപ്പം സർവ്വ ശക്തനായ അല്ലാഹു അവർക്ക് തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ, എന്ന് പ്രാർഥിക്കുന്നു.

സർവ്വ ശക്തനായ അല്ലാഹുവും അവന്റെ പ്രവാചകൻ മുഹമ്മദ് നബിﷺയും പഠിപ്പിച്ച കുറ്റമറ്റ വിശ്വാസാദർശങ്ങൾ പഠിച്ചറിഞ്ഞ് സ്വീകരിക്കുവാനും മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കാനും റബ്ബ് നമ്മെ അനുഗ്രഹിക്കുമാറാകട്ടെ,

പൂർണ്ണത അവകാശപ്പെടുന്നില്ല. അബദ്ധങ്ങൾ ശ്രദ്ധയിൽ പെടുന്നവർ സ്നേഹ ബുദ്ധ്യാ ഉണർത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നാഥാ, നിന്റെ സത്യ ദീനിന്റെ മാർഗ്ഗത്തിലുള്ള ഒരു എളിയ സേവനമായി നീ ഞങ്ങളിൽ നിന്നും ഇതു സ്വീകരിക്കേണമേ, ഇതു വായക്കുന്നവർക്കും പ്രചരിപ്പിക്കുന്നവർക്കും നന്മയുടെ കവാടങ്ങൾ നീ തുറന്നു കൊടുക്കേണമേ....

പ്രാർത്ഥനയോടെ,

നിങ്ങളുടെ സ്നേഹിതൻ
**ശമീർ മദീനി,**
ലക്ച്ചറർ,
ജാമിഅഃ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ

# താളുകളിൽ


| | |
|---|---|
| വിശ്വാസം: അനിവാര്യതയും ആധികാരികതയും | 13 |
| അല്ലാഹുവിലുള്ള വിശ്വാസം | 24 |
| മലക്കുകളിലുള്ള വിശ്വാസം | 31 |
| വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം | 40 |
| ദൈവദൂതന്മാരിലുള്ള വിശ്വാസം | 50 |
| അന്ത്യദിനത്തിലുള്ള വിശ്വാസം | 64 |
| വിധിവിശ്വാസം | 77 |

അധ്യായം

# 1

# വിശ്വാസം: അനിവാര്യതയും ആധികാരികതയും

ഇസ്‌ലാമിന്റെ അധ്യാപനങ്ങളിൽ വിശ്വാസകാര്യങ്ങ ൾക്കുള്ള സ്ഥാനം നിസ്തുലമാണ്. വിശ്വാസത്തിന്റെ അഭാവത്തിലുള്ള കർമങ്ങൾ എന്തുതന്നെയായിരുന്നാലും അവ നിഷ്ഫലവും സ്രഷ്ടാവായ അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടാത്തവയുമായിരിക്കുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മനസ്സിൽ രൂഢമൂലമായ വിശ്വാസവും നാവുകൊണ്ടുള്ള പ്രഖ്യാപനവും അവയവങ്ങൾകൊണ്ടുള്ള പ്രവർത്തനവും ചേർന്നതാണ് ഇസ്‌ലാമിന്റെ ആദർശം. അതിനാൽ ഇസ്‌ലാമികപാഠങ്ങളിൽ ആദ്യമായി പഠിക്കേണ്ടത് അതിന്റെ അടിത്തറയായ വിശ്വാസ കാര്യങ്ങളെ കുറിച്ചായിരിക്കണം. കാരണം അതിന്മേലാണ് ഇസ്‌ലാമിന്റെ മറ്റ് ആദർശങ്ങളെല്ലാം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. സത്യവിശ്വാസമുൾക്കൊണ്ടിട്ടില്ലാത്ത അവിശ്വാസികളുടെ കർമങ്ങളെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

**"അവിശ്വസിച്ചവരാകട്ടെ അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാ**

**ണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായി തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തു കൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ." (24:39)**

**"അവർ പ്രവർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും." (25:23)**

**"തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അത് തന്നെയാണ് വിദൂരമായ മാർഗഭ്രംശം." (14:18)**

സത്യവിശ്വാസം സ്വീകരിക്കാത്തവരുടെ കർമങ്ങളുടെ ഫലശൂന്യത വ്യത്യസ്തങ്ങളായ ഉപമകളിലൂടെ വിവരിക്കുകയാണ് അല്ലാഹു. മുഹമ്മദ് നബിﷺയുടെ പ്രവാചകത്വനിയോഗത്തിനു മുൻപ് പാവങ്ങളെ സഹായിച്ച് അഥിതികളെ സല്കരിച്ച് ജീവിച്ചിരുന്ന ഒരാളായിരുന്നു ഇബ്നു ജുദ്ആൻ എന്നയാൾ. അല്ലാഹുവിലോ മരണാനന്തര ജീവിതത്തിലോ ഒന്നും വിശ്വാസമില്ലാതെ അയാൾ നിർവഹിച്ച ഇത്തരം കർമങ്ങൾ പാരത്രികജീവിതത്തിൽ അയാൾക്കുപകരിക്കുമോ എന്ന് മഹതി ആഇശ‍رضي الله عنها, നബിﷺയോട് ചോദിച്ചപ്പോൾ അത് അയാൾക്കുപകരിക്കുകയില്ലെന്ന് പ്രവാചകൻﷺ പറഞ്ഞ സംഭവം ഹദീഥ്ഗ്രന്ഥങ്ങളിൽ കാണാം. (മുസ്‌ലിം)

നാം ഒരാളെ നമ്മുടെ തോട്ടത്തിൽ പണിയെടുക്കുവാൻ ഏൽപിച്ചുവെന്നു കരുതുക. നമ്മുടെ നിർദേശങ്ങൾക്ക് യാതൊരു വിലയും കൽപിക്കാതെ അയാൾ ആ തോട്ടത്തിൽ തന്നിഷ്ടപ്രകാരം പലതും വെച്ചുപിടിപ്പിക്കുന്നു; മറ്റ്പലതും പിഴുതുമാറ്റുന്നു. എല്ലാം കഴിഞ്ഞ് അയാൾ നമ്മുടെ അടുത്ത് അധ്വാനത്തിന്റെ വേതനമാവശ്യപ്പെട്ട് വന്നാൽ നമ്മുടെ പ്രതികരണമെന്തായിരിക്കും? ജോലിയേൽപ്പിച്ചയാളെ അംഗീകരിക്കുകയോ അയാളുടെ ഉപദേശ നിർദേശങ്ങൾ പരിഗണിക്കുകയോ അയാൾ ചുമതലപ്പെടുത്തിയ ദൂതനെ അനുസ

രിക്കുകയോ ചെയ്യാതെ തന്നിഷ്ടപ്രകാരം പലതും ചെയ്തശേഷം കൂലി തേടിച്ചെല്ലുന്ന തൊഴിലാളിക്ക്-അയാളുടെ അധ്വാനം എത്രതന്നെ ഭാരിച്ചതായിരുന്നാലും-കൂലി കൊടുക്കാൻ ആരെങ്കിലും തയ്യാറാകുമോ? അയാളുടെ തോന്നിവാസങ്ങൾക്ക് കൂലിക്കർഹതയുണ്ടെന്ന്പോലും ബുദ്ധിയും നീതിബോധവുമുള്ള ആരും പറയുമെന്ന് തോന്നുന്നില്ല. എങ്കിൽ സർവശക്തനായ പടച്ച തമ്പുരാന്റെ മാർഗനിർദേശങ്ങൾ സ്വീകരിച്ചുകൊണ്ടല്ലാതെ തന്നിഷ്ടപ്രകാരം തനിക്ക് നല്ലതെന്നുതോന്നിയ കാര്യങ്ങൾ പ്രവർത്തിക്കുന്ന ഒരാൾക്ക് സ്രഷ്ടാവിന്റെ പ്രതിഫലമില്ലെന്ന് ദൈവം തീരുമാനിച്ചാൽ അതിൽ യതൊരു അനീതിയും യുക്തിരാഹിത്യവും നീതിബോധമുള്ള ഒരാൾക്കും ദർശിക്കുവാൻ സാധിക്കുകയില്ല.

അല്ലാഹു പറയുന്നു: **"(നബിയേ) പറയുക: കർമങ്ങൾ ഏറ്റവും നഷ്ടകരമായി തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഐഹികജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ്. തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി കണ്ടുമുട്ടുന്നതിലും വിശ്വസിക്കാത്തവരത്രെ അവർ. അതിനാൽ അവരുടെ കർമങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും (സ്ഥാനവും) നിലനിർത്തുകയില്ല. അതത്രെ അവർക്കുള്ള പ്രതിഫലം. അവിശ്വസിക്കുകയും, എന്റെ ദൃഷ്ടാന്തങ്ങളെയും, ദൂതന്മാരെയും പരിഹാസ്യമാക്കുകയും ചെയ്തതിന്നുള്ള (ശിക്ഷയായ) നരകം." (18:103-106)**

വിശ്വാസകാര്യങ്ങൾ ഭൗതികമാനദണ്ഡങ്ങളുപയോഗിച്ച് ഗവേഷണം ചെയ്യുവാനോ അളന്നുമുറിക്കുവാനോ സാധിക്കുകയില്ല. ഭൗതികലോകത്തെ തന്നെ എത്രയോ സംഗതികൾ നിഗൂഢമായ ചുരുളുകൾക്കുള്ളിൽ ഇന്നും സമസ്യകളായി തുടരുകയാണ്. മനുഷ്യന്റെ ബുദ്ധിയുടെയും പരിജ്ഞാനങ്ങളുടെയും പരിമിതിയംഗീകരിക്കുമ്പോൾ ഭൗതികലോകത്തിന് പുറത്തുള്ള ഇന്ദ്രിയാതീത കാര്യങ്ങൾ അറിയാൻ ദൈവികസന്ദേശങ്ങളെ ആശ്രയിക്കുക മാത്രമേ നിവൃത്തിയുള്ളൂ.

മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കപ്പുറത്ത് യാതൊന്നുമില്ലായെന്ന നിഷേധം ധിക്കാരത്തിന്റെയും അജ്ഞതയുടെയും ആഴമാണ് വാസ്തവത്തിൽ അറിയിക്കുന്നത്.

യഥാർഥ വിശ്വാസികളുടെ ഉത്കൃഷ്ട സ്വഭാവമായി വിശുദ്ധ ക്വുർആൻ എടുത്തുപറഞ്ഞത് '**അവർ ഇന്ദ്രിയാതീത കാര്യങ്ങളിൽ വിശ്വസിക്കുന്നവരാണെന്ന**' (2:3) കാര്യമാണ്.

അല്ലാഹു പറയുന്നു: ''**തന്റെ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം. അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ. ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതയ്ക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.**'' (2:285,286)

നേരെമറിച്ച് അത്തരം വിശ്വാസ കാര്യങ്ങളെ തള്ളിക്കളയുന്നവർ വ്യക്തമായ വഴികേടിലാണെന്നും കർമങ്ങൾ നിഷ്ഫലമായ നഷ്ടകാരികളായിരിക്കുമവരെന്നും ക്വുർആൻ ഉണർത്തുന്നു. ''**...അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ**

**ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു."(4:136)**

**"...സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവന്റെ കർമം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്ത് അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും."(5:5)**

സ്വർഗപ്രവേശനത്തെ കുറിച്ചും സ്വർഗാവകാശികളെ കുറിച്ചും ക്വുർആൻ വിവരിച്ച നിരവധി സൂക്തങ്ങളിൽ സൽകർമങ്ങളോടൊപ്പം സത്യവിശ്വാസം സ്വീകരിക്കുന്നതിനെ കുറിച്ചും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്. അഥവാ ശരിയായ വിശ്വാസത്തിന്റെ അഭാവത്തിൽ മനുഷ്യർ ചെയ്തുകൂട്ടുന്ന കേവല കർമങ്ങൾ സ്വർഗ പ്രവേശനത്തിന് അർഹമാക്കുന്നില്ലായെന്ന് സാരം.

**"തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും; എന്നെന്നേക്കുമായിട്ട്. അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തന്റെ രക്ഷിതാവിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്."(98:7,8)**

**"തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് സൽക്കാരം നൽകാനുള്ളതാകുന്നു സ്വർഗത്തോപ്പുകൾ. അവരതിൽ നിത്യവാസികളായിരിക്കും. അതിൽ നിന്ന് വിട്ട് മാറാൻ അവർ ആഗ്രഹിക്കുകയില്ല."(18:107,108)**

അതുകൊണ്ടുതന്നെ അല്ലാഹു അയച്ച സർവ പ്രവാചകന്മാരും തങ്ങളുടെ ജനങ്ങളെ ആദ്യമായി ഉദ്ബോധിപ്പിച്ചത് വിശ്വാസകാര്യങ്ങളെ കുറിച്ചായിരുന്നു. കർമങ്ങളും സ്വഭാവങ്ങളും ഇടപാടുകളും സംബന്ധിച്ച വിശദമായ നിയമങ്ങൾക്കുമുൻപ് ഹൃദയത്തിൽ രൂഢമൂലമായ വിശ്വാസം വളർത്തിയെടുക്കാനാണ് അവരഖിലവും ശ്രദ്ധിച്ചത്. പാപങ്ങളിൽ വെച്ചേറ്റവും ഗുരുതരമായ കാര്യമായി അവർ പഠിപ്പിച്ചതും വിശ്വാസരംഗത്തു സംഭവിക്കുന്ന വൈകല്യ

ങ്ങളെ കുറിച്ചായിരുന്നുവെന്നുകാണാം.

ആദ്യകാലങ്ങളിലവതരിച്ച ക്വുർആൻ സൂക്തങ്ങൾ (മക്കീ സൂറത്തുകൾ) പരിശോധിക്കുമ്പോഴും ഈ വസ്തുത ബോധ്യപ്പെടുന്നതാണ്. ഹിജ്റക്കു മുമ്പവതരിച്ച പ്രസ്തുത അധ്യായങ്ങളിലെ പ്രധാന വിഷയം വിശ്വാസകാര്യങ്ങളാണ്.

മനുഷ്യനിർമിത ഭൗതികപ്രത്യയശാസ്ത്രങ്ങളും ദൈവികമതവും തമ്മിലുള്ള മൗലികമായ വ്യത്യാസമാണിത്. മതത്തിന്റെ വളർച്ചക്കും ഭൗതികപ്രത്യയശാസ്ത്രങ്ങളുടെ തളർച്ചക്കും നിമിത്തമാകുന്നതും അതുതന്നെയാണ്.

പ്രവാചക പത്നി മഹതി ആഇശ ഈവസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നതു കാണുക. *“ക്വുർആനിൽ നിന്ന് ആദ്യമായി അവതരിച്ചത് സ്വർഗ-നരകങ്ങളെ കുറിച്ച് പറയുന്ന സൂക്തങ്ങളായിരുന്നു. അങ്ങനെ ജനങ്ങൾ ഇസ്‌ലാമിലേക്ക് മടങ്ങിയപ്പോൾ അനുവദനീയ കാര്യങ്ങളെ കുറിച്ചും നിഷിദ്ധകാര്യങ്ങളെ കുറിച്ചുമുള്ള വിശദമായ നിയമങ്ങളവതരിച്ചു. നേരെമറിച്ച് ആദ്യമവതരിച്ചത് ‘നിങ്ങൾ മദ്യപിക്കരുതെന്ന്’ നിയമമായിരുന്നുവെങ്കിൽ ഞങ്ങൾ ഒരിക്കലും മദ്യം ഉപേക്ഷിക്കുകയില്ലായെന്ന് അവർ പറഞ്ഞേനെ. അപ്രകാരം തന്നെ നിങ്ങൾ വ്യഭിചരിക്കരുതെന്നായിരുന്നു ആദ്യമവരോട് പറഞ്ഞിരുന്നതെങ്കിൽ ഞങ്ങളൊരിക്കലും വ്യഭിചാരമുപേക്ഷിക്കുകയില്ലായെന്നും അവർ പറയുമായിരുന്നു.” (ബുഖാരി)*

അതുകൊണ്ടുതന്നെ നബി ﷺ വളർത്തിയെടുത്ത ഇസ്‌ലാമികസമൂഹത്തിൽ ആളുകൾ നിയമം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ നിയമപാലകരേയും പട്ടാളത്തേയും നിയോഗിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. കൂരിരുട്ടിന്റെ മറവിൽ പോലും പടച്ചവനെ ഭയന്ന് തിന്മകളിൽ നിന്ന് മാറി നിന്ന് രഹസ്യജീവിതത്തിലും വിശുദ്ധി പാലിച്ച മഹാമാനുഷികളായി ജീവിച്ച് അവർ മാതൃകയായത് അതുകൊണ്ടായിരുന്നു. അധമരിൽ അധമരായിരുന്ന ഒരു ജനത ഉത്തമരിൽ ഉത്തമരായി ഉന്നതങ്ങളിലേക്ക് ഉയർന്നത് വിശ്വാസത്തിന്റെ അടിത്തറയിൽ പടുത്തുയർത്തപ്പെട്ട ആദർശത്തിന്റെ വക്താക്കളായതിനാലായിരുന്നു. തികച്ചും അപരിഷ്കൃതരും അക്ഷരജ്ഞാനമില്ലാത്തവരുമായിരുന്ന കാടൻ അറബികളെ കേവലം ഇരുപത്തിമൂന്ന് വർഷങ്ങൾകൊണ്ട് മുഹമ്മദ്

നബിﷺ സർവതലങ്ങളിലും മാതൃകകളാകും വിധം ഉന്നതിയുടെ സോപാനങ്ങളിലെത്തിച്ചതിന്റെ മാസ്മരികതയെ കുറിച്ച് ചരിത്രത്തെ സത്യസന്ധമായി സമീപിച്ച പലരും അത്ഭുതം കൂറിയിട്ടുണ്ട്.

എന്നാൽ വിശ്വാസാദർശങ്ങളിൽ ശ്രദ്ധിക്കാത്തതോ വികല വിശ്വാസങ്ങൾ കൈമുതലാക്കിയതോ ആയ സമൂഹങ്ങളിൽ തിന്മയുടെ തിരയിളക്കം സർവസാധാരണമാണ്. അവിടങ്ങളിലെ ഭരണകൂടങ്ങളും നിയമപാലകരും എത്രതന്നെ ശക്തരായാലും നിയമത്തിന്റെ പഴുതുകളിലൂടെ തിന്മകളിലേക്ക് അരിച്ചിറങ്ങുന്നവരുടെ എണ്ണം വർധിച്ചുവരുന്നത് കാണാം. സംസ്കൃതരെന്നവകാശപ്പെടുന്ന ആധുനിക സമൂഹങ്ങളുടെ സ്ഥിതിഗതികൾ വിലയിരുത്തുന്ന ആർക്കുമത് കാണാനാവുന്നതാണ്.

കൊള്ളയുടെയും തെമ്മാടിത്തങ്ങളുടെയും കടുത്തമനസ്സുമായി സമൂഹത്തിൽ വളർന്നുവന്ന പലരും, മനസ്സിലേക്ക് ശരിയായ വിശ്വാസത്തിന്റെ പ്രകാശം കടന്നുചെന്നപ്പോൾ നന്മയുടെയും കാരുണ്യത്തിന്റെയും വറ്റാത്ത നീരുറവകളായി മാറിയതിന് ഇസ്‌ലാമിക ചരിത്രത്തിൽ എമ്പാടും ഉദാഹരണങ്ങളുണ്ട്. ഖലീഫ ഉമർرضي الله عنهന്റെ ചരിത്രം അതിൽ ഒന്നുമാത്രമാണ്.

**ആധികാരികത**

വിശ്വാസം അതിപ്രധാനമാണെന്ന് പറയുമ്പോൾ തന്നെ അതോടൊപ്പം ശരിയായ വിശ്വാസം എവിടെ നിന്നാണ് സ്വീകരിക്കേണ്ടത് എന്ന വിഷയവും സജീവ ചർച്ചക്ക് വിധേയമാക്കേണ്ടതുണ്ട്. വിശ്വാസമെന്നപേരിൽ പരക്കെ അറിയപ്പെടുന്നതും സമൂഹത്തിൽ പ്രചരിച്ചിട്ടുള്ളതുമായ കാര്യങ്ങൾ ശരിയായ വിശ്വാസം തന്നെയാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്.

വിശ്വാസകാര്യങ്ങൾ മനുഷ്യരുടെ ഗവേഷണ പരിശോധനകളുടെ പരിധികൾക്കപ്പുറത്തുള്ള ഇന്ദ്രിയാതീത കാര്യങ്ങളായതിനാൽ സത്യദൈവത്തിൽ നിന്നുള്ള കുറ്റമറ്റ സ്രോതസ്സുകളിൽ നിന്നുള്ള ശരിയായ സന്ദേശങ്ങൾ മാത്രമേ തദ്വിഷയകമായി സ്വീകരിക്കാൻ പാടുള്ളൂ. ദൈവത്തെ കുറിച്ചും ദൈവികാധ്യാപനങ്ങളെ കുറിച്ചും ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ വല്ലതും പറയൽ വമ്പിച്ച പാതകവും ദൈവത്തിന്റെ പേരിൽ കളവ് പ്രചരിപ്പിക്കലുമായിരി

ക്കും. അത് വിരോധിച്ചുകൊണ്ട് അല്ലാഹു പറയുന്നു: "**പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമവും, ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്.**" (7:33)

"**നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് അനുവദനീയമാണ്, ഇത് നിഷിദ്ധമാണ്. എന്നിങ്ങനെ കള്ളം പറയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയത്രെ (അതിന്റെ ഫലം). അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുന്നവർ വിജയിക്കുകയില്ല; തീർച്ച.**"(16:116)

അത്തരം വ്യാജപ്രസ്താവനകളെ തികച്ചും പൈശാചികമെന്നാണ് ക്വുർആൻ വിശേഷിപ്പിക്കുന്നത്. "**മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും, വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ച് കൊള്ളുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാകുന്നു. ദുഷ്കൃത്യങ്ങളിലും നീചവൃത്തികളിലും ഏർപെടുവാനും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് പറഞ്ഞുണ്ടാക്കുവാനുമാണ് അവൻ നിങ്ങളോട് കൽപിക്കുന്നത്.**" (2:168,169)

മതത്തിൽ അതിരുവിടുകയും പലതരത്തിലുള്ള പിഴവുകളിലേക്ക് വഴുതിപ്പോവുകയും ചെയ്ത ജൂത-ക്രൈസ്തവരെ ക്വുർആൻ ഉദ്ബോധിപ്പിക്കുന്നത് കാണുക. "**വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത്കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക്**

**ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി.” (4;171)**

ദൈവത്തിന്റെ ഗുണവിശേഷണങ്ങളെ കുറിച്ച് മനുഷ്യർ ഗവേഷണം നടത്തി ദൈവം ആരായിരിക്കണമെന്ന് തീരുമാനിക്കുന്നത് ദൈവത്തേക്കാൾ വലിയ ദൈവംചമയുന്ന തരത്തിലുള്ള ധിക്കാരവും അങ്ങേയറ്റത്തെ വങ്കത്തവുമായിരിക്കും. കാരണം പദാർഥങ്ങളുടെ സ്രഷ്ടാവായ ദൈവത്തെക്കുറിച്ച് പദാർഥലോകത്ത് ബന്ധിതനായ മനുഷ്യൻ തന്റെ നന്നേ പരിമിതമായ ബുദ്ധിയും അറിവുമുപയോഗിച്ച് ഗവേഷണം നടത്തുന്നത് എന്ത്മാത്രം ബുദ്ധിശൂന്യതയല്ല!

അവിടെയാണ് തത്ത്വശാസ്ത്രക്കാരുടെയും വചനശാസ്ത്രജ്ഞരുടെയും വിടുവായിത്തങ്ങളുടെ നിരർഥകതകൾ നാം തിരിച്ചറിയേണ്ടത്. അങ്ങനെ സാക്ഷാൽ ദൈവത്തെക്കുറിച്ച് സത്യസന്ധമായി അറിയാൻ ശ്രമിക്കുമ്പോൾ ദൈവം തന്നെക്കുറിച്ച് എന്തൊക്കെ പറഞ്ഞുതന്നുവെന്നും അവന്റെ സത്യദൂതന്മാർ എന്തെല്ലാമാണ് പറഞ്ഞുതന്നതെന്നുമാണ് നാം അന്വേഷിക്കേണ്ടത്.

സത്യപ്രവാചകന്മാരും അവരുടെ സത്യസന്ധരായ അനുചരന്മാരും എങ്ങനെ ദൈവത്തെക്കുറിച്ച് പഠിപ്പിച്ചുവോ ആ രൂപത്തിൽ നാം അവനെ അറിയുകയും ഉൾക്കൊള്ളുകയും ചെയ്യുകയെന്നതാണ് കുറ്റമറ്റതും സുരക്ഷിതവുമായ ഏകമാർഗം.

അല്ലാഹു പറയുന്നു **“അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ദൈവവുമുണ്ടായിട്ടില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോയിക്കളയുകയും, അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ!” (23:91)**

**“താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാ**

**ധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ! സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുള്ളവ അവന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും.'' (59;22-24)**

**സ്രോതസ്സുകളും സമീപനവും**

ദൈവികമെന്ന് സ്വയം അവകാശപ്പെടുകയും അതിന്റെ ആധികാരികതക്ക് നിരവധി തെളിവുകൾ നിരത്തുകയും ചെയ്യുന്ന വിശുദ്ധക്വുർആനും, അതിനെ സ്വന്തം ജീവിതത്തിലൂടെ പ്രയോഗവൽക്കരിച്ച് കാണിച്ച അന്ത്യപ്രവാചകൻ മുഹമ്മദ് നബി ﷺയുടെ ജീവിതം അഥവാ നബിചര്യ(സുന്നത്ത്)യുമാണ് ദൈവിക മതത്തിന്റെ-ഏതുകാര്യത്തിലുമെന്നപോലെ-വിശ്വാസകാര്യങ്ങളറിയാനുള്ള ശരിയായ സ്രോതസ്സുകൾ.

ക്വുർആനിന്റെയും സുന്നത്തിന്റെയും വാക്യങ്ങൾ സ്വന്തമായ താൽപര്യങ്ങൾക്കും ആശയങ്ങൾക്കും വേണ്ടി ദുർവ്യാഖ്യാനിക്കപ്പെടുന്ന സാഹചര്യങ്ങളുണ്ടാകുമെന്നതുകൊണ്ടുതന്നെ ആ പ്രമാണങ്ങളെ എങ്ങനെ സമീപിക്കണമെന്നും നബി ﷺ ഉണർത്തിയിട്ടുണ്ട്. അതായത്, നബി ﷺ പഠിപ്പിച്ചതനുസരിച്ച് മതത്തെ അറിയുകയും പ്രയോഗവൽക്കരിക്കുകയും ചെയ്ത് അല്ലാഹുവിന്റെയും പ്രവാചകﷺന്റെയും പ്രശംസകൾക്കർഹരായിത്തീർന്ന പ്രവാചക ശിഷ്യന്മാരുടെ നന്മനിറഞ്ഞ പാത പിന്തുടരുകയെന്നതാണാ നിർദേശം. പ്രസ്തുത ഉപദേശമനുസരിച്ച് മതാധ്യാപനങ്ങളുൾക്കൊള്ളാൻ ശ്രമിക്കുകയാണെങ്കിൽ ഏറ്റവും തെളിമയാർന്ന സത്യത്തിലേക്കും അതുവഴി ഐക്യത്തിലേക്കും സാഹോദര്യത്തിലേക്കും ദൈവിക കാരുണ്യത്തിന്റെ പ്രവിശാലമായ സ്വർഗ ലോകത്തിലേക്കും എത്താൻ സാധിക്കുന്നതാണ്. അതല്ലാതെ കക്ഷിത്വത്തിലേക്കോ വ്യക്തിതാൽപര്യങ്ങളിലേക്കോ അല്ല ഇസ്‌ലാം നമ്മെ ക്ഷണിക്കുന്നത്.

അല്ലാഹു പറയുന്നു: **"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും." (4:59)**

അധ്യായം

2

# അല്ലാഹുവിലുള്ള വിശ്വാസം

വിശ്വാസ കാര്യങ്ങളിൽ ഒന്നാമത്തേത് അല്ലാഹുവിലുള്ള വിശ്വാസമാകുന്നു. അതിൽ പ്രധാനമായും ഉദ്ദേശിക്കപ്പെടുന്ന കാര്യങ്ങളാണ് ചുവടെ വിവരിക്കുന്നത്.

**1. അല്ലാഹുവിന്റെ അസ്തിത്വം അംഗീകരിക്കൽ**

അല്ലാഹുവിന്റെ അസ്തിത്വത്തിലേക്ക് വിരൽചൂണ്ടുന്ന ഒട്ടനവധി ദൃഷ്ടാന്തങ്ങൾ പ്രപഞ്ചസ്രഷ്ടാവ് ഇവിടെ സംവിധാനിച്ചിട്ടുണ്ട്. പടച്ചവനെ അറിയാനും അവന്റെ ശക്തി-മാഹാത്മ്യങ്ങൾ ഗ്രഹിക്കാനും അത് മനുഷ്യനെ സഹായിക്കുന്നതാണ്. സൂര്യ-ചന്ദ്രാദി നക്ഷത്രങ്ങളേയും രാപകലുകളുടെ മാറ്റങ്ങളെയുമൊക്കെ കുറിച്ച് ചിന്തിക്കാനും ദൃഷ്ടാന്തങ്ങൾ ഗ്രഹിക്കാനും ക്വുർആൻ മനുഷ്യരാശിയോട് ആവശ്യപ്പെടുന്നുണ്ട്.

**"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്." (3:190)**

**"ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപകലുകളുടെ മാറ്റത്തിലും, മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്ത് നിന്ന്**

**അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അതു മുഖേന ജീവൻ നൽകിയതിലും, ഭൂമിയിൽ എല്ലാതരം ജന്തുവർഗങ്ങളെയും വ്യാപിപ്പിച്ചതിലും, കാറ്റുകളുടെ ഗതിക്രമ ത്തിലും, ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച." (2:164)**

ഈ ലോകത്ത് മനുഷ്യന് പുറമെ സചേതനവും അചേതനവുമായ ഒട്ടനവധി സൃഷ്ടികളുണ്ട്. ഏകകോശജീവിയായ അമീബ മുതൽ ആനയുടെ പതിന്മടങ്ങ് വലിപ്പമുള്ള നീലത്തിമിംഗലം വരെ ധാരാളം ജീവജാലങ്ങൾ. മനുഷ്യനടക്കമുള്ള ഈ ജീവജാലങ്ങളെ ആരാണ് പടച്ചുണ്ടാക്കിയത്? ശൂന്യതയിൽ നിന്ന് വല്ലതും ഉണ്ടാകുമോ?

മനുഷ്യനെ സൃഷ്ടിച്ചത് അവന്റെ മാതാപിതാക്കളാണെന്ന് പറയാൻ സാധിക്കുകയില്ല. മാതാപിതാക്കൾ വിചാരിക്കുന്ന വിധത്തിലല്ല അവന്റെ ജനനം. അതല്ലെങ്കിൽ ദൃശ്യപ്രപഞ്ചത്തിലെ മറ്റാരെങ്കിലുമാണെന്ന് കരുതുവാനും നിർവാഹമില്ല. അവൻ യാദൃച്ഛികമായുണ്ടായുണ്ടായതാണെന്ന് പറയുവാനും ബുദ്ധിയും ബോധവുമുള്ള ഒരാൾക്ക് സാധിക്കുകയില്ല. കാരണം ഏതൊരു വസ്തുവിനും കർമത്തിനും അതിന് പിന്നിൽ ഒരു സൂത്രധാരൻ അനിവാര്യമാണ്.

**"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടി ക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാ ക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചി രിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല. അതല്ല, അവ രുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?" (52:35-37)**

ഇത്ര കണിശവും സൂക്ഷ്മവുമായ പ്രപഞ്ചവും അതിലെ പ്രതിഭാ സങ്ങളും സൃഷ്ടിജാലങ്ങളും യാദൃച്ഛികമായുണ്ടായതാണ് എന്ന് കരുതുന്നതിനെക്കാൾ വലിയ വിഡ്ഢിത്തവും അന്ധവിശ്വാസവും വേറെയുണ്ടോ എന്നത് സംശയമാണ്.

ബുദ്ധിയും വിവേകവുമുള്ള മനുഷ്യനോട് ക്വുർആൻ ചോദി ക്കുന്നു.

**“മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ? കൂടിച്ചേർ ന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കു ന്നു.” (76:1–2)**

ധിക്കാരത്തോടും തികഞ്ഞ അഹങ്കാരത്തോടും കൂടിയല്ലാതെ നീതിബോധമുള്ള ആർക്കാണ് സത്യസന്ധമായി ഇതിനെ നിഷേധിക്കാൻ സാധിക്കുക?

**2. അല്ലാഹുവിന്റെ ഏകത്വം**

അസ്തിത്വത്തിലും അവകാശങ്ങളിലും ഗുണവിശേഷണ ങ്ങളിലുമെല്ലാം അല്ലാഹു ഏകനും അദ്വിതീയനുമാണ്. ഒരു വലിയ ദൈവവും അതിന് താഴെ കുറേ കുട്ടിദൈവങ്ങളും എന്ന സങ്കൽപം ഇസ്‌ലാം അംഗീകരിക്കുന്നില്ല. അപ്രകാരം തന്നെ ഓരോ കാര്യങ്ങൾക്കും ഓരോ ദൈവം എന്ന ബഹുദൈവസങ്കൽപവും ഇസ്‌ലാമിനന്യമാണ്. എല്ലാം പടച്ച് പരിപാലിക്കുന്ന സർവശക്തനും കരുണാവാരിധിയുമായ അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

**“അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ച് കൊണ്ടിരിക്കുന്നുവോ അവ രാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈ കളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാ കുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യ നിഷേധികളുടെ പ്രാർഥന നഷ്ടത്തിൽ തന്നെയാകുന്നു.” (13:14)**

വ്യാജദൈവങ്ങളുടെ ദൗർബല്യം ഒരു ഉപമയിലൂടെ ക്വുർആൻ വിവരിക്കുന്നത് കാണുക.

**“മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ**

**അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ." (22:73)**

പ്രാപഞ്ചിക പ്രതിഭാസങ്ങളിലെ കൃത്യതയും കണിശതയും അവക്കിടയിലെ താളപ്പൊരുത്തവും ഏകീഭാവവുമെല്ലാം പ്രപഞ്ചസ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിന്റെ ഏകത്വത്തെയാണ് വിളിച്ചറിയിക്കുന്നത്.

**"ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു!" (21:22)**

അല്ലാഹുവിന്റെ ഏകത്വം അഥവാ തൗഹീദ് പ്രധാനമായും മൂന്ന് തലങ്ങളെ സ്പർശിക്കുന്നു.

***1. സൃഷ്ടികർതൃത്വത്തിലെ ഏകത്വം*** *(തൗഹീദുറുബൂബിയ്യ)*:

സർവ ചരാചരങ്ങളുടെയും സ്രഷ്ടാവും നിയന്താവും ഉടമസ്ഥനും അല്ലാഹു മാത്രമാണെന്ന് അംഗീകരിക്കലാണ് ഇതിന്റെ താൽപര്യം. അവരിലേക്ക് നിയോഗിക്കപ്പെട്ട ദൂതന്മാർ പറഞ്ഞു:

**"ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവായ അല്ലാഹുവിന്റെ കാര്യത്തിലാണോ സംശയമുള്ളത്? നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തുതരാനും, നിർണിതമായ ഒരു അവധി വരെ നിങ്ങൾക്ക് സമയം നീട്ടിത്തരുവാനുമായി അവൻ നിങ്ങളെ ക്ഷണിക്കുന്നു. അവർ (ജനങ്ങൾ) പറഞ്ഞു: നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യർ മാത്രമാകുന്നു. ഞങ്ങളുടെ പിതാക്കൾ ആരാധിച്ച് വരുന്നതിൽ നിന്നു ഞങ്ങളെ പിന്തിരിപ്പിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. അതിനാൽ വ്യക്തമായ വല്ല രേഖയും നിങ്ങൾ ഞങ്ങൾക്ക് കൊണ്ട് വന്നുതരൂ".(14:10)**

അല്ലാഹു പറയുന്നു: **"മനുഷ്യരേ, അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം നിങ്ങൾ ഓർമിക്കുക. ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ? അവനല്ലാതെ യാതൊരു ദൈവവുമില്ല. അപ്പോൾ നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്?" (35:3)**

***2. ആരാധ്യതയിലെ ഏകത്വം** (തൗഹീദുൽ ഉലൂഹിയ്യ):*

അല്ലാഹു മാത്രമാണ് സർവവിധ ആരാധനകൾക്കും അർഹൻ. ആരാധനയുടെ യാതൊരംശവും അവനല്ലാത്ത ആർക്കും അർപിച്ചു കൂടാ എന്നതാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്.

**"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച." (40:60)**

**"പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത് എന്നും." (72:18)**

ഇസ്‌ലാം പഠിപ്പിക്കുന്ന ആരാധനകളുടെ (ഇബാദത്ത്) ഇനങ്ങളിൽ പെട്ട പ്രാർഥന, ശരണം തേടൽ, നേർച്ച, ബലി, മറഞ്ഞ രൂപത്തിലുള്ള ഭയം തുടങ്ങി യാതൊന്നും അല്ലാഹുവല്ലാത്തവരോട് പാടുള്ളതല്ല. അതൊക്കെയും മഹാപാപവും സ്വർഗം നിഷിദ്ധമാക്കിത്തീർക്കുന്ന അപരാധവുമാണ്.

**''മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്." (5:72)**

**''തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്." (4:48)**

വിശുദ്ധ ക്വുർആനിലെ ആദ്യ കൽപന ഏകദൈവാരാധന (തൗഹീദ്)യെ കുറിച്ചും (2:21), ആദ്യ വിലക്ക് ബഹുദൈവാരാധനയെ കുറിച്ചും(2:22) ആണെന്നത് ശ്രദ്ധേയമാണ്. അല്ലാഹു അയച്ച സകല

ദൂതന്മാരും കാല-ദേശ വ്യത്യാസമില്ലാതെ പ്രഥമവും പ്രധാനവുമായി അവരുടെ ജനതകളോടുദ്ബോധിപ്പിച്ചു കൊണ്ടിരുന്നത് ഈ മഹത്തായ ആദർശമായിരുന്നു.

അല്ലാഹു പറയുന്നു: **"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല." (21:25)**

***3. നാമ-വിശേഷണത്തിലെ അദ്വിതീയത*** *(തൗഹീദുൽ അസ്മാഇ വസ്വിഫാത്ത്):*

അല്ലാഹുവും പ്രവാചകനുംﷺ അല്ലാഹുവിനെ കുറിച്ചറിയിച്ച സർവ വിശേഷണങ്ങളും നാമങ്ങളും യാതൊരു ഭേദഗതിയും നിഷേധവും വ്യാഖ്യാനവും ഉപമയും സാദൃശ്യപ്പെടുത്തലുമൊന്നും കൂടാതെ അംഗീകരിക്കുക എന്നതാണ് ഇതിന്റെ വിവക്ഷ.

അല്ലാഹു പറയുന്നു: **"ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു (അവൻ.) നിങ്ങൾക്ക് വേണ്ടി നിങ്ങളുടെ വർഗത്തിൽ നിന്നു തന്നെ അവൻ ഇണകളെ (ഉണ്ടാക്കിത്തന്നിരിക്കുന്നു.) അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർധിപ്പിക്കുന്നു. <u>അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.</u> ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു." (42:11-12)**

പദാർഥങ്ങളുടെ സ്രഷ്ടാവായ പടച്ച തമ്പുരാനെ മനുഷ്യന്റെ ചിന്തകൾക്കും ഭാവനകൾക്കുമനുസരിച്ച് കോലപ്പെടുത്തുകയും അവൻ സ്വയം പരിചയപ്പെടുത്തിയ കാര്യങ്ങൾക്ക് ഭേദഗതി വരുത്തുകയും ചെയ്യുക എന്നത് തികഞ്ഞ ധിക്കാരവും അതിക്രമവുമാണ്.

അല്ലാഹു പറയുന്നു: **"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്കു വഴിയെ**

**നൽകപ്പെടും.” (7:180)**

അല്ലാഹുവിനെ പരിചയപ്പെടുത്തി കൊണ്ട് ക്വുർആൻ പറയുന്നു: **“അല്ലാഹു - അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.” (2:255)**

**“(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും” (112:1-4)**

അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ് ഇസ്‌ലാമിലെ മറ്റ് വിശ്വാസ കാര്യങ്ങൾ. അതിനാൽ ആദ്യമായി ശരിപ്പെടുത്തി ഉറപ്പിക്കേണ്ടതും ഇക്കാര്യം തന്നെയാണ്. സർവശക്തനായ അല്ലാഹു അതിന് നമ്മെ തുണക്കട്ടെ! ആമീൻ.

അധ്യായം

3

# മലക്കുകളിലുള്ള വിശ്വാസം

അല്ലാഹുവിന്റെ സൃഷ്ടികളിൽ നമുക്ക് കാണാവുന്നവയും അദൃശ്യലോകത്തുള്ളവയുമുണ്ട്. അദൃശ്യമാണ് എന്നതുകൊണ്ടുമാത്രം അത്തരം സംഗതികളെ നിഷേധിക്കാവതല്ല. മറഞ്ഞകാര്യങ്ങളിൽ വിശ്വസിക്കുന്നുവെന്നത് സത്യവിശ്വാസികളുടെ ഉൽകൃഷ്ടഗുണമായി അല്ലാഹു എടുത്തുപറഞ്ഞത് ശ്രദ്ധേയമാണ്.

**"അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, പ്രാർഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും, നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ)"** (2:3).

അതിനാൽ അത്തരം മറഞ്ഞകാര്യങ്ങളെ (ഗൈബ്) നിഷേധിക്കൽ സത്യനിഷേധവും അവിശ്വാസവും (കുഫ്ർ) ആണ്. മറഞ്ഞ കാര്യങ്ങൾ നമുക്കറിയാനുള്ള സ്രോതസ്സ് പരിശുദ്ധ ഖുർആനും പ്രവാചക വചനങ്ങളുമാണ്. അവയിലൂടെ സ്ഥിരപ്പെട്ട യാതൊന്നും ഒരു മുസ്ലിമിന് നിഷേധിക്കാൻ പാടുള്ളതല്ല.

അല്ലാഹു പറയുന്നു: **"സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവന്റെ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്ത് അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കു കയും ചെയ്യും." (5:5)**

**"സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹു വിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു." (4:136)**

മലക്കുകൾ അല്ലാഹുവിന്റെ അദൃശ്യലോകത്തെ സൃഷ്ടികളാണ്. അവരെകുറിച്ച് ക്വുർആനും പ്രവാചകവചനങ്ങളും പറഞ്ഞുതന്നവ യെല്ലാം സത്യപ്പെടുത്തി അംഗീകരിക്കാൻ വിശ്വാസികൾ ബാധ്യ സ്ഥരാണ്. എന്നാൽ ക്വുർആനും സുന്നത്തും അറിയിച്ചതിനപ്പുറം സ്വന്തം ഭാവനകളിൽ പിറവിയെടുത്ത ചില ആശയങ്ങളെ മലക്കു കളെന്ന പേരിൽ അവതരിപ്പിക്കാൻ ചിലർ ശ്രമിക്കാറുണ്ട്. മനുഷ്യ മനസ്സിന്റെ നന്മകളുടെ ഭാവങ്ങളെ മലക്കുകളായും തിന്മകളുടെ ഭാവ ങ്ങളെ പിശാചുക്കളായും ചിത്രീകരിച്ചുകൊണ്ടുള്ള അത്തരം വ്യാഖ്യാന കസർത്തുകൾക്കൊന്നും ഇസ്‌ലാമിക പ്രമാണങ്ങളുടെ പിൻബലമില്ല.

വിശ്വാസികളുടെ രക്ഷാമന്ത്രമെന്ന നിലയിൽ പ്രത്യേകം പാരാ യണം ചെയ്യാൻ നബിﷺനിർദേശിച്ച രണ്ട് സൂക്തങ്ങളാണ് വിശുദ്ധ ക്വുർആനിലെ രണ്ടാം അധ്യായത്തിലെ 285, 286 വചനങ്ങൾ. മല ക്കുകളിലുള്ള വിശ്വാസം പ്രസ്തുത സൂക്തത്തിൽ എടുത്തുപറയു ന്നത് ശ്രദ്ധേയമാണ്.

മലക്കുകളുടെ സൃഷ്ടിപ്പ്, രൂപം, വിശേഷണങ്ങൾ, പ്രവർത്തന ങ്ങൾ, പേരുകൾ തുടങ്ങി ക്വുർആനും സുന്നത്തും അറിയിച്ച സർവ കാര്യങ്ങളും മലക്കുകളിലുള്ള വിശ്വാസത്തിന്റെ ഭാഗമായി നാം അറി യുകയും സത്യപ്പെടുത്തി അംഗീകരിക്കുകയും ചെയ്യേണ്ടവയാണ്.

### സൃഷ്ടിപ്പ്

മനുഷ്യരിൽ നിന്ന് വ്യത്യസ്തമാണ് മലക്കുകളുടെ സൃഷ്ടിപ്പ്.

നബിﷺ പറയുന്നു: *"മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ജിന്നുകൾ തീജ്വാലയിൽ നിന്നും മനുഷ്യർ നിങ്ങൾക്ക് വിവരിച്ചുതന്നതിൽ നിന്നും (അഥവാ, മണ്ണിൽ നിന്ന്) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (മുസ്‌ലിം)*

നമുക്ക് എണ്ണിക്കണക്കാക്കാൻ കഴിയാത്തത്ര അസംഖ്യം മലക്കുകളുണ്ട്. നബിﷺയുടെ നിശായാത്ര(ഇസ്‌റാഅ്)ക്കു ശേഷമുണ്ടായ ആകാശാരോഹണത്തിൽ(മിഅ്‌റാജ്) കണ്ട കാഴ്ച്ചകൾ വിവരിക്കുന്ന കൂട്ടത്തിൽ നബിﷺ പറയുന്നു: *''ബൈത്തുൽ മഅ്മൂർ എന്ന വാനലോകത്തെ മലക്കുകളുടെ ആരാധനാലയത്തിൽ ഓരോ ദിവസവും എഴുപതിനായിരം മലക്കുകൾ നമസ്കരിക്കുന്നു. അതിൽ നിന്ന് പുറത്തു കടന്നവർ പിന്നീടവിടേക്ക് തിരിച്ചുപോവുകയില്ല." (ബുഖാരി, മുസ്‌ലിം)*

അപ്രകാരം തന്നെ നരകത്തെകുറിച്ച് വിവരിക്കവെ നബിﷺ പറഞ്ഞു: *"നരകത്തിന് എഴുപതിനായിരം ചങ്ങലകളുണ്ട്. ഓരോ ചങ്ങലയോടൊപ്പവും എഴുപതിനായിരം മലക്കുകളും. അവർ അതിനെ വലിച്ചുകൊണ്ടുവരും" (ബുഖാരി, മുസ്‌ലിം)*

അല്ലാഹു പറയുന്നു: **"നരകത്തിന്റെ മേൽനോട്ടക്കാരായി നാം മലക്കുകളെ മാത്രമാണ് നിശ്ചയിച്ചിരിക്കുന്നത്. അവരുടെ എണ്ണത്തെ നാം സത്യനിഷേധികൾക്ക് ഒരു പരീക്ഷണം മാത്രമാക്കിയിരിക്കുന്നു. വേദം നൽകപ്പെട്ടിട്ടുള്ളവർക്ക് ദൃഢബോധ്യം വരുവാനും സത്യവിശ്വാസികൾക്ക് വിശ്വാസം വർധിക്കാനും വേദം നൽകപ്പെട്ടവരും സത്യവിശ്വാസികളും സംശയത്തിലകപ്പെടാതിരിക്കാനും അല്ലാഹു എന്തൊരു ഉപമയാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്ന് ഹൃദയങ്ങളിൽ രോഗമുള്ളവരും സത്യനിഷേധികളും പറയുവാനും വേണ്ടിയത്രെ അത്. അപ്രകാരം അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ പിഴപ്പിക്കുകയും, താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. നിന്റെ രക്ഷിതാവിന്റെ സൈന്യങ്ങളെ അവനല്ലാതെ മറ്റാരും അറിയുകയില്ല. ഇത് മനുഷ്യർക്ക് ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല." (74:31)**

മലക്കുകളുടെ എണ്ണംപോലെതന്നെയാണ് വലിപ്പവും ഗാംഭീര്യവും. നമുക്ക് ഊഹിക്കാൻ കഴിയുന്നതിനുമപ്പുറമാണത്. മലക്കുകളിലെ പ്രധാനിയായ ജിബ്‌രീലിﷺനെ അദ്ദേഹത്തിന്റെ ശരിയായ

രൂപത്തിൽ കണ്ട രംഗം നബിﷺ ഇപ്രകാരം വിശദീകരിക്കുന്നു:

*“ജിബ്‌രീൽ(അ)ന് അറുനൂറ് ചിറകുകളുണ്ട്. ഓരോ ചിറകും ചക്ര വാളത്തെ മറക്കുന്നത്ര വിശാലമാണ്.”*

മറ്റൊരിക്കൽ നബിﷺ പറഞ്ഞു: *“സിംഹാസനവാഹകരായ മലക്കുകളിൽ ഒരാളെകുറിച്ച് പറയാൻ എനിക്ക് അനുവാദം നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഒരു ചെവിമുതൽ പിരടിവരെയുള്ള അകലം ഒരു പക്ഷി എഴുനൂറ് വർഷം പറക്കുന്നത്ര വിശാലമാണ്.” (ത്വയാലിസി)*

മലക്കുകളുടെ പ്രത്യേകതകളെ കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ക്വുർആൻ പറയുന്നത് കാണുക:

**“ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനും രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിയോഗിച്ചവനുമായ അല്ലാഹുവിന് സ്തുതി. സൃഷ്ടിയിൽ താൻ ഉദ്ദേശിക്കുന്നത് അവൻ അധികമാക്കുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.” (35:1)**

ഇവയെല്ലാം മറഞ്ഞലോകത്തെ (ഗൈബ്) കാര്യങ്ങളായതിനാൽ നമ്മുടെ പരിമിതമായ ബുദ്ധിയുടെയും യുക്തികളുടെയും കണ്ണുകളിലൂടെ അവയെ വിലയിരുത്തുക സാധ്യമല്ല. വിശ്വാസകാര്യങ്ങളൊക്കെയും ഇന്ദ്രിയാതീത കാര്യങ്ങളാണ്. ബുദ്ധിയും ചിന്തയുമാകട്ടെ ഭൗതികമായ പദാർഥലോകത്തെ കുറിച്ച് മാത്രമേ പ്രസക്തമാവുകയുള്ളൂ. ഇത്തരം കാര്യങ്ങളെകുറിച്ച് പരിമിതമായ മനുഷ്യബുദ്ധികൊണ്ട് ചിന്തിക്കുവാനോ നിരീക്ഷണ നിഗമനങ്ങളിലെത്താനോ ശ്രമിക്കുന്നത് അബദ്ധങ്ങളിലേക്കും അപകടങ്ങളിലേക്കും മാത്രമേ എത്തിക്കുകയുള്ളൂ. അഥവാ അത്തരം ശ്രമങ്ങൾ തികഞ്ഞ ബുദ്ധിശൂന്യതയാണെന്നു സാരം.

**മലക്കുകളെ കുറിച്ച് അറിയുന്നതിന്റെ നേട്ടം**

ഒന്നാമതായി, മലക്കുകളെ അറിയലും അവ ശരിയായ രൂപത്തിൽ അംഗീകരിക്കലും ഈമാനിന്റെ (സത്യവിശ്വാസം) ഭാഗമാണ്. ശരിയായ വിശ്വാസം സ്വീകരിക്കാതെ ഒരാൾക്ക് പരലോകത്ത് രക്ഷ പ്രാപിക്കാൻ സാധിക്കുകയില്ലെന്ന് ക്വുർആൻ ആവർത്തിച്ചുണർത്തിയിട്ടുണ്ട്. അത്തരക്കാരുടെ കർമങ്ങൾ പോലുമവർക്കുപകരിക്കുകയില്ല (24:39). മാത്രമല്ല സ്രഷ്ടാവായ അല്ലാ

ഹുവിനെ അറിയേണ്ടതുപോലെ അറിയാൻ അവന്റെ സൃഷ്ടികളെ കുറിച്ചുള്ള ശരിയായ അറിവിലൂടെ സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു:

**"ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടിയാകുന്നു. എന്നാൽ അവന്നു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അല്ല, അക്രമകാരികൾ വ്യക്തമായ വഴികേടിലാകുന്നു." (31:11)**

സർവശക്തനായ അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങളും സൃഷ്ടിവൈഭവങ്ങളും മനസ്സിലാക്കിത്തരുന്ന വിവരണങ്ങളാണ് മലക്കുകളെ കുറിച്ചുള്ള പ്രമാണങ്ങളിലെ വിശദീകരണങ്ങളിൽ കാണാൻ കഴിയുന്നത്. അപ്രകാരം തന്നെ അല്ലാഹുവിന്റെ അനേകകോടി സൃഷ്ടികളിൽ ഒന്നുമാത്രമായ മനുഷ്യനേക്കാൾ വലിയ അനവധി സൃഷ്ടികളുണ്ടെന്നും മനുഷ്യൻ സർവാധിപനും സർവശക്തനുമല്ലെന്നുള്ള തിരിച്ചറിവും വിനയവും, മലക്കുകളുടെ ലോകത്തെ കുറിച്ചറിയുന്നതിലൂടെ നമുക്ക് ലഭിക്കുന്നു. ദൃശ്യലോകത്ത് തന്നെയുള്ള ആനയും നീലത്തിമിംഗലവും പർവതങ്ങളും ആകാശവും സൂര്യനും നക്ഷത്രങ്ങളുമൊക്കെ മനുഷ്യനേക്കാൾ എത്രയോ ഭീമാകാരങ്ങളാണ്. എന്നിട്ടും അവയൊക്കെ പടച്ചവന് കീഴ്പെട്ട് അവനെ സ്തുതിച്ചും പ്രകീർത്തിച്ചും നിയമശാസനകളനുസരിച്ചും ചരിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ, നിസ്സാരനായ മനുഷ്യനാണ് അഹങ്കാരത്തിൽ മുൻപന്തിയിൽ.

അല്ലാഹു പറയുന്നു: **"ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും, പർവ്വതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും, മനുഷ്യരിൽ കുറെപേരും അല്ലാഹുവിന് പ്രണാമം അർപ്പിച്ചു കൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ? (വേറെ) കുറെ പേരുടെ കാര്യത്തിൽ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹു വല്ലവനെയും അപമാനിതനാക്കുന്ന പക്ഷം അവനെ ബഹുമാനിക്കുവാൻ ആരും തന്നെയില്ല. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു." (22:18)**

ഉൽകൃഷ്ടരായ മലക്കുകളും ഈ ഉത്തമഗുണങ്ങൾക്ക് അപവാദമല്ല. അവർ പ്രാർഥനകളിലും പ്രകീർത്തനങ്ങളിലും തന്നെയാണ്.

അല്ലാഹു പറയുന്നു: **"തീർച്ചയായും നിന്റെ രക്ഷിതാവിന്റെ അടുക്കലുള്ളവർ (മലക്കുകൾ) അവനെ ആരാധിക്കുന്നതിനെപ്പറ്റി അഹംഭാവം നടിക്കുകയില്ല. അവർ അവന്റെ മഹത്വം പ്രകീർത്തി ക്കുകയും അവനെ പ്രണമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു." (7:206)**

**പേരുകളും ജോലികളും**

മലക്കുകളുടെ കൂട്ടത്തിൽ ക്വുർആനിലും ഹദീഥിലുമായി പേരുകൾ പരാമർശിക്കപ്പെട്ടവരും അല്ലാത്തവരുമുണ്ട്. അവരിൽ ചിലരുടെ ജോലികളും പ്രത്യേകതകളും വിശദമാക്കപ്പെട്ടിട്ടുമുണ്ട്.

മലക്കുകളിൽ പ്രധാനിയായ ജിബ്രീലിعليه السلامന്റെ പ്രധാന ചുമതല ദൈവികസന്ദേശങ്ങൾ ദൂതന്മാർക്ക് എത്തിച്ചുകൊടുക്കുക എന്നതാണ്.

അല്ലാഹു പറയുന്നു: **''തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു. നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്." (26:192–194)**

മീക്കാഈലിعليه السلامന് അല്ലാഹുവിന്റെ നിർദേശമനുസരിച്ച് മഴപെയ്യിക്കലും സസ്യലതാദികൾ മുളപ്പിക്കലുമാണ്. മറ്റൊരു പ്രധാനപ്പെട്ട മലക്ക് ഇസ്റാഫീൽعليه السلام ആണ്. ലോകാവസാനത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് കാഹളത്തിൽ ഊതുന്നത് ഇസ്റാഫീൽعليه السلام ആണ്.

നരകത്തിന്റെ മേൽനോട്ടക്കാരായ മലക്കുകളുടെ നേതൃത്വം മാലിക്കിعليه السلامനാണ്.

അല്ലാഹു പറയുന്നു: **"അവർ വിളിച്ചുപറയും; ഹേ, മാലിക്! താങ്കളുടെ രക്ഷിതാവ് ഞങ്ങളുടെ മേൽ (മരണം) വിധിക്കട്ടെ. അദ്ദേഹം (മാലിക്) പറയും: നിങ്ങൾ (ഇവിടെ) താമസിക്കേണ്ടവർ തന്നെയാകുന്നു." (43:77)**

മാലിക്ക്عليه السلامന് പുറമെ നരകകാവൽക്കാരായി വേറെയും മലക്കുകളുണ്ട്.

**"സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധു**

**ക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നി യിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തന്മാരുമായ മലക്കുകളുണ്ടായി രിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടു ന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും." (66:6)**

സ്വർഗത്തിനുമുണ്ട് മേൽനോട്ടക്കാരായ മലക്കുകൾ. എന്നാൽ അവരുടെ പേരുകൾ പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടുവന്നിട്ടില്ല. അല്ലാഹു പറയുന്നു: **"തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്ന് വെക്കപ്പെട്ട നിലയിൽ അവർ അതിന്നടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചു കൊള്ളുക." (39:73)**

ഖബ്റിൽ ചോദ്യം ചെയ്യുന്ന രണ്ട് മലക്കുകളാണ് മുൻകർ, നകീർ എന്നിവർ. എന്നാൽ ആത്മാവ് പിടിച്ചെടുത്ത് മനുഷ്യരെ മരിപ്പി ക്കുന്ന ജോലിയുള്ള മലക്കിന്റെ പേര് പ്രമാണങ്ങളിലൂടെ സ്ഥിര പ്പെട്ടുവന്നിട്ടില്ല.

**പ്രകൃതവും പ്രത്യേകതകളും**

മലക്കുകളുടെ ചില ഉൽകൃഷ്ട സ്വഭാവങ്ങൾ അനുകരണീയമാ ണ്. മടിയും മടുപ്പുമില്ലാത്ത സ്ഥിരോത്സാഹികളും കഠിനാധ്വാനിക ളുമാണ് മഹാന്മാരായ മലക്കുകൾ.

അല്ലാഹു പറയുന്നു: **"ഇനി അവർ അഹംഭാവം നടിക്കുകയാ ണെങ്കിൽ നിന്റെ രക്ഷിതാവിന്റെ അടുക്കലുള്ളവർ (മലക്കുകൾ) രാവും പകലും അവനെ പ്രകീർത്തിക്കുന്നുണ്ട്. അവർക്ക് മടുപ്പ് തോന്നുകയില്ല." (41:38)**

അപ്രകാരം തന്നെ പ്രവർത്തനങ്ങളിൽ കൃത്യമായ ക്രമീകരണ വും അടുക്കും ചിട്ടയും അവർക്കിടയിലുണ്ട്. നബിﷺ ഒരിക്കൽ പറഞ്ഞു: *"നിങ്ങൾക്ക് മലക്കുകൾ റബ്ബിന്റെയടുക്കൽ അണിയണി യായി നിൽക്കുന്നതുപോലെ അണിചേർന്ന് നിന്നുകൂടേ?"*

വിജ്ഞാന സദസ്സുകളെയും വിജ്ഞാനാന്വേഷികളെയും തേടി

നടക്കുകയും അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്ന മലക്കുകളുണ്ട്.

മനുഷ്യരുടെ കർമങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം മലക്കുകളുണ്ടെന്നും ക്വുർആൻ അറിയിക്കുന്നു. അല്ലാഹു പറയുന്നു: **“തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യന്മാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു.” (82:10-12)**

മനുഷ്യരുടെ സംരക്ഷകരായും മരണത്തിന്റെ ചുമതലയേൽപ്പിക്കപ്പെട്ടവരായും പ്രത്യേകം മലക്കുകളുണ്ട്. തങ്ങളുടെ കർത്തവ്യങ്ങളിലൊന്നും യാതൊരു കൃത്യവിലോപവും വരുത്താത്തവരാണവർ. അല്ലാഹു പറയുന്നു: **“അവനത്രെ തന്റെ ദാസന്മാരുടെ മേൽ പരമാധികാരമുള്ളവൻ. നിങ്ങളുടെ മേൽനോട്ടത്തിനായി അവൻ കാവൽക്കാരെ അയക്കുകയും ചെയ്യുന്നു. അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ നമ്മുടെ ദൂതന്മാർ (മലക്കുകൾ) അവനെ പൂർണമായി ഏറ്റെടുക്കുന്നു. (അക്കാര്യത്തിൽ) അവർ ഒരു വീഴ്ചയും വരുത്തുകയില്ല.” (6:61)**

മലക്കുകൾ സത്യവിശ്വാസികളെ വിപൽഘട്ടങ്ങളിൽ സഹായിക്കുകയും അവരുടെ ശത്രുക്കളെ നശിപ്പിക്കുകയും ചെയ്ത പല സംഭവങ്ങളുമുണ്ടായിട്ടുണ്ട്. അല്ലാഹു അവരോട് ഏൽപിക്കുന്ന കാര്യങ്ങൾ അവർ ചെയ്യുന്നുവെന്ന് മാത്രം. അല്ലാതെ സ്വതന്ത്രമായി അവർ ഒന്നിലും ഇടപെടുകയില്ല. അതുകൊണ്ട് തന്നെ മലക്കുകളോട് സഹായർഥന നടത്തുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. പ്രത്യുത സർവശക്തനായ അല്ലാഹുവിനോട് മാത്രമേ പ്രാർഥിക്കാൻ പാടുള്ളൂ.

ബദർ യുദ്ധത്തിൽ സത്യവിശ്വാസികൾക്ക് സഹായികളായി മലക്കുകൾ വന്നതിനെകുറിച്ച് അല്ലാഹു പറയുന്നു:

**“നിന്റെ രക്ഷിതാവ് മലക്കുകൾക്ക് ബോധനം നൽകിയിരുന്ന സന്ദർഭം (ഓർക്കുക.) ഞാൻ നിങ്ങളുടെ കൂടെയുണ്ട്. അതിനാൽ സത്യവിശ്വാസികളെ നിങ്ങൾ ഉറപ്പിച്ചു നിർത്തുക. സത്യനിഷേധികളുടെ മനസ്സുകളിൽ ഞാൻ ഭയം ഇട്ടുകൊടുക്കുന്നതാണ്. അതിനാൽ കഴുത്തുകൾക്ക് മീതെ നിങ്ങൾ വെട്ടിക്കൊള്ളുക. അവരുടെ വിരലുകളെല്ലാം നിങ്ങൾ വെട്ടിക്കളയുകയും ചെയ്യുക.” (8:12)**

ലൂത്വ് നബിﷺയുടെ ജനതയിൽ മലക്കുകൾ ചെന്ന രംഗം ക്വുർആൻ വിവരിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു: “**അവർ പറഞ്ഞു: ലൂത്വേ, തീർച്ചയായും ഞങ്ങൾ നിന്റെ രക്ഷിതാവിന്റെ ദൂതന്മാരാണ്. അവർക്ക് (ജനങ്ങൾക്ക്) നിന്റെ അടുത്തേക്കെത്താനാവില്ല. ആകയാൽ നീ രാത്രിയിൽ നിന്നുള്ള ഒരു യാമത്തിൽ നിന്റെ കുടുംബത്തേയും കൊണ്ട് യാത്ര പുറപ്പെട്ട് കൊള്ളുക. നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ഒരാളും തിരിഞ്ഞ് നോക്കരുത്. നിന്റെ ഭാര്യയൊഴികെ. തീർച്ചയായും അവർക്ക് (ജനങ്ങൾക്ക്) വന്നുഭവിച്ച ശിക്ഷ അവൾക്കും വന്നുഭവിക്കുന്നതാണ്. തീർച്ചയായും അവർക്ക് നിശ്ചയിച്ച അവധി പ്രഭാതമാകുന്നു. പ്രഭാതം അടുത്ത് തന്നെയല്ലേ?” (11:81)**

മലക്കുകൾ സൽകർമികളെ സ്നേഹിക്കുകയും അവർക്കനുകൂലമായി പ്രാർഥിക്കുകയും, ദുഷ്കർമികളെ വെറുക്കുകയും അവർക്കെതിരിൽ പ്രാർഥിക്കുകയും ചെയ്യുമെന്ന് പ്രമാണങ്ങൾ വിശദമാക്കിയിട്ടുണ്ട്.

അധ്യായം

# 4

# വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം

ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസകാര്യങ്ങളിലെ സുപ്രധാനമായ ഒന്നാണ് വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം. അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളെയൊക്കെയും അംഗീകരിക്കുവാനും സത്യപ്പെടുത്തുവാനും ഒരു വിശ്വാസി ബാധ്യസ്ഥനാണ്. അവയിലേതെങ്കിലുമൊന്ന് നിഷേധിച്ചാൽ തന്നെ സർവതിനേയും നിഷേധിച്ചതിന് തുല്യമാണ്.

വിശ്വാസികളോടായി അല്ലാഹു പറയുന്നത് കാണുക.

**"നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി (സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്ന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു." (2:136)**

മറ്റൊരിടത്ത് അല്ലാഹു പറയുന്നു.

**''സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തി**

**ലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കു വിൻ. അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങ ളിലും അവന്റെ ദൂതന്മാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വ സിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയി രിക്കുന്നു." (4:136)**

**വേദഗ്രന്ഥങ്ങൾ എന്ത്? എന്തിന്?**

കാരുണ്യവാനായ അല്ലാഹു അവന്റെ കാരുണ്യത്തിന്റെ ഭാഗമായി സൃഷ്ടികൾക്ക് മാർഗദർശനവും ഇഹപര വിജയത്തിന്റെ മാർഗരേ ഖകളുമായി വിവിധ വേദഗ്രന്ഥങ്ങളവതരിപ്പിച്ചുണ്ട്. മൂസാ നബി ﷺക്ക് അവതരിച്ച തൗറാത്തും ദാവൂദ് നബിﷺക്ക് ലഭിച്ച സബൂറും ഈസാﷺക്ക് കിട്ടിയ ഇഞ്ചീലും അവയിൽപെട്ടതാണ്. ഇത്തരത്തി ലുള്ള ദൈവികഗ്രന്ഥങ്ങളുടെ അവസാനത്തെ വേദമാണ് വിശുദ്ധ ക്വുർആൻ.

അല്ലാഹു പറയുന്നു. "**അവൻ ഈ വേദഗ്രന്ഥത്തെ മുൻ വേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൗറാത്തും ഇൻജീലും അവതരിപ്പിച്ചു. ഇതിനു മുമ്പ്; മനുഷ്യർക്ക് മാർഗദർശനത്തിനായിട്ട് സത്യാസത്യവിവേചനത്തിനുള്ള പ്രമാണവും അവൻ അവതരിപ്പിച്ചി രിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേ ധിച്ചവരാരോ അവർക്ക് കഠിനമായ ശിക്ഷയാണുള്ളത്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി സ്വീകരിക്കുന്നവനുമാകുന്നു." (3:3,4)**

വിവിധ കാലങ്ങളിലായി വ്യത്യസ്ത ജനസമൂഹങ്ങളിലേക്ക് അവ തരിച്ചവയാണ് ഇവയെങ്കിലും അടിസ്ഥാന കാര്യങ്ങളിൽ പരസ്പരം യോജിക്കുന്നവയാണ് ദൈവിക ഗ്രന്ഥങ്ങളൊക്കെയും. എന്നാൽ വിശദമായ നിയമനിർദേശങ്ങളിലും കർമാനുഷ്ഠാനങ്ങളിലും വ്യത്യാ സങ്ങളുണ്ടായിരിക്കും. തികച്ചും ദൈവികമായ ഉദ്ദേശ്യലക്ഷ്യങ്ങളും യുക്തിരഹസ്യങ്ങളുമനുസരിച്ചാണ് അവയുടെ അവതരണവും അവ യിലെ വ്യത്യാസങ്ങളും.

അല്ലാഹു പറയുന്നു: "**(നബിയേ) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്ന തുമത്രെ അത്. അതിനാൽ നീ അവർക്കിടയിൽ നാം അവതരിപ്പിച്ച്**

**തന്നതനുസരിച്ച് വിധികൽപിക്കുക. നിനക്ക് വന്നുകിട്ടിയ സത്യ ത്തെ വിട്ട് നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിപോകരുത്. നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മ മാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചി രുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷെ നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷി ക്കുവാൻ (അവൻ ഉദ്ദേശിക്കുന്നു.) അതിനാൽ നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളു ടെയെല്ലാം മടക്കം. നിങ്ങൾ ഭിന്നിച്ചിരുന്ന വിഷയങ്ങളെപ്പറ്റി അപ്പോ ളവൻ നിങ്ങൾക്ക് അറിയിച്ച് തരുന്നതാണ്.” (5:48)**

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിൽ നിന്നുള്ള മാർഗ ദർശനമാകുന്ന അവന്റെ വേദനിർദേശങ്ങൾ ശരിയായ രൂപത്തിൽ മനസ്സിലാക്കി പിൻപറ്റുക എന്നത് സർവ നന്മകളിലേക്കും ശാശ്വത വിജയത്തിലേക്കും സമാധാനപൂർണമായ ജീവിതത്തിലേക്കും മനു ഷ്യരാശിയെ കൈപിടിച്ചാനയിക്കുന്ന മഹത്തായ അനുഗ്രഹമാണ്. അവ ഏതെങ്കിലും മനുഷ്യമസ്തിഷ്കത്തിൽ ഉരുത്തിരിഞ്ഞ ആശ യങ്ങളും സന്ദേശങ്ങളുമല്ല. അവ എത്തിച്ചുകൊടുക്കാൻ ഏൽപി ക്കപ്പെട്ട പ്രവാചകന്മാർക്കുപോലും അതിൽ കൈ കടത്തുവാനോ മാറ്റം വരുത്തുവാനോ അർഹതയില്ല. സർവസ്വവും പടച്ചു പരിപാ ലിക്കുകയും സർവ ചരാചരങ്ങൾക്കും ശരിയായ മാർഗദർശനം നൽകുകയും ചെയ്ത പടച്ചവന്റെ വാക്കുകളും ഉപദേശങ്ങളുമാണ വ. അതുകൊണ്ടുതന്നെ അവ പറഞ്ഞുതരുന്ന വിശ്വാസ-ആചാര-സംസ്കാര-സ്വഭാവാദി സർവതും സ്വീകരിച്ച് അവയ്ക്കനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താൻ മനുഷ്യൻ ബാധ്യസ്ഥനാണ്. പക്ഷെ, ദൈവിക ഗ്രന്ഥങ്ങളെയും ദൈവ ദൂതന്മാരെയും പരിഗണിക്കുകയോ സ്വീകരിക്കുകയോ ചെയ്യാതെ നിഷേധിക്കുകയും അവഹേളിക്കു കയും ചെയ്തവർ ചരിത്രത്തിലനവധിയുണ്ടായിട്ടുണ്ട്. അത്തരക്കാ രുടെ വഴികേടിന്റെ ദുരന്തങ്ങൾ ഈ ലോകത്ത് തന്നെ ഒരുപക്ഷെ അവർ അനുഭവിച്ചേക്കാം. പാരത്രികജീവിതത്തിൽ ഏതായാലും അവർക്ക് രക്ഷയോ സമാധാനമോ ഉണ്ടായിരിക്കില്ലെന്നത് സ്രഷ്ടാ വിന്റെ തന്നെ മുന്നറിയിപ്പാണ്.

അല്ലാഹു പറയുന്നു: **“അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുന്നവരുടെ നേർക്ക് നീ നോക്കിയില്ലേ? എങ്ങനെയാണ്**

**അവർ വ്യതിചലിപ്പിക്കപ്പെടുന്നത് എന്ന്. വേദഗ്രന്ഥത്തെയും, നാം നമ്മുടെ ദൂതന്മാരെ അയച്ചത് എന്തൊരു ദൗത്യം കൊണ്ടാണോ അതിനെയും നിഷേധിച്ചു കളഞ്ഞവരത്രെ അവർ. എന്നാൽ വഴിയെ അവർ അറിഞ്ഞു കൊള്ളും. അതെ; അവരുടെ കഴുത്തുകളിൽ കുരുക്കുകളും ചങ്ങലകളുമായി അവർ വലിച്ചിഴക്കപ്പെടുന്ന സന്ദർഭം. ചുട്ടുതിളക്കുന്ന വെള്ളത്തിലൂടെ. പിന്നീട് അവർ നരകാഗ്നിയിൽ എരിക്കപ്പെടുകയും ചെയ്യും." (40:69-72)**

വേദഗ്രന്ഥത്തിലുടെ അവതരിപ്പിക്കപ്പെടുന്ന തെളിവുകളും നിർദേശങ്ങളും അവഗണിച്ച് ജീവിക്കുന്നവർക്ക് പാരത്രികജീവിതത്തിൽ അവ എതിർരേഖയായി വരുന്നതാണ്. ഒഴികഴിവുകൾ നിരത്തി രക്ഷപ്പെടാൻ സാധിക്കാത്തവിധം അല്ലാഹു തെളിവുകൾ സ്ഥാപിക്കുകയാണ് അവയിലൂടെ.

അപ്രകാരംതന്നെ ദൈവികമായ നിർദേശങ്ങളവതരിപ്പിക്കുന്ന വേദഗ്രന്ഥങ്ങളെ പിൻപറ്റുന്ന ജനങ്ങൾക്ക് ആ നന്മയുടെ അടിത്തറയിൽ ഐക്യപ്പെടുവാനും ഛിദ്രകൾ ഇല്ലാതാക്കാനും സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു:

**"മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു." (2:213)**

നീതിനിഷ്ഠമായ വിധികളും തർക്ക പരിഹാരങ്ങളും വേദഗ്രന്ഥത്തെ അവലംബിക്കുന്ന ജനങ്ങൾക്ക് എളുപ്പത്തിൽ സാധ്യമാണ്. നന്മ-തിന്മകൾ എന്തെന്ന് ആധികാരികമായി പറഞ്ഞുതരാനും

ന്യൂനതകളും അന്യായങ്ങളും കലരാത്ത സുവ്യക്തമായ നിയമങ്ങളും നിർദേശങ്ങളും മനുഷ്യർക്ക് പറഞ്ഞുകൊടുക്കുന്ന ആധികാരിക രേഖയായി ദൈവികഗ്രന്ഥം നിലകൊള്ളുമ്പോൾ ആ ജനതയ്ക്കുണ്ടാകുന്ന സ്വസ്ഥതയും സമാധാനവും അനിർവചനീയമായിരിക്കും. നേരെമറിച്ച് ദൈവിക ഗ്രന്ഥങ്ങളെ മാറ്റിനിർത്തിക്കൊണ്ട് മനുഷ്യരിലേക്ക് പ്രസ്തുത വിഷയങ്ങളും തർക്കങ്ങളും ഏൽപിക്കപ്പെടുമ്പോൾ അവരുടെ പരിഹാരങ്ങളിലും വിധി തീർപുകളിലും പലതരത്തിലുള്ള മാനുഷികദൗർബല്യങ്ങളുമുണ്ടാവുക സ്വാഭാവികമാണ്. ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ കുറവുകളും പരാജയങ്ങളും അവിടെയാണ് നാം കാണുന്നത്.

പ്രവാചകത്വവാദവുമായി വരുന്ന ദൈവദൂതന്റെ സത്യതക്കുള്ള ഒരു ഉത്തമ രേഖകൂടിയാണ് വാസ്തവത്തിൽ അദ്ദേഹത്തിന്റെ പക്കലുള്ള വേദഗ്രന്ഥം.

**ക്വുർആൻ അന്തിമ വേദഗ്രന്ഥം**

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ അവസാനത്തേതാണ് വിശുദ്ധ ക്വുർആൻ. ദൈവികമെന്ന് അത് സ്വയം ആവർത്തിച്ചാവർത്തിച്ച് അവകാശപ്പെടുന്നു.

**''തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്‌രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു. നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്.)" (26:192-195)**

**"അലിഫ്-ലാം-മീം ഈ ഗ്രന്ഥത്തിന്റെ അവതരണം സർവ്വലോക രക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല." (32:1-2)**

(36:1-5, 39:1, 40:1-2, 41:1-3, 41:42, 45:1-2, 46:1-2, 56:80, 69:43) തുടങ്ങിയ വചനങ്ങൾ കാണുക.

അതിന്റെ ദൈവികതയിൽ സംശയിക്കുന്നവരോടായി ക്വുർആൻ നടത്തിയ ശക്തമായ വെല്ലുവിളി നൂറ്റാണ്ടുകളായി എതിരാളികളുടെ കർണപുടങ്ങളിൽ ആഞ്ഞടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നോളം ആ വെല്ലുവിളി ധൈര്യസമേതം ഏറ്റെടുക്കാൻ ആരും തയ്യാറായി

ട്ടില്ല.

അല്ലാഹു പറയുന്നു: **"(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ട് വരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും."** (17:88)

ക്വുർആനിനെ പോലൊരു ഗ്രന്ഥം കൊണ്ടുവരാൻ സാധ്യമല്ലെങ്കിൽ, വേണ്ട അതിലുള്ള 114 അധ്യായങ്ങളിൽ 10 എണ്ണത്തിന് സമാനമായതെങ്കിലും കൊണ്ടുവരൂ എന്ന് ക്വുർആൻ ആവർത്തിച്ച് വെല്ലുവിളിക്കുന്നു.

**''അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപേലെയുള്ള പത്ത് അദ്ധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട് വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ."** (11:13)

നിരക്ഷരനായ മുഹമ്മദ് നബിﷺയുടെ നാവിലൂടെ ലോകം ശ്രവിച്ച ഈ വചനങ്ങൾക്ക് തുല്യമായി തുച്ഛമായ വചനങ്ങളെങ്കിലും കൊണ്ടുവരാൻ സാഹിത്യതമ്പുരാക്കന്മാരോടാണ് ക്വുർആൻ വെല്ലുവിളിച്ചത്. എന്നിട്ടും അവർക്കത് നേരിടാൻ സാധിച്ചില്ല.

വീണ്ടും ഒരുപടികൂടി ഇറങ്ങിച്ചെന്നുകൊണ്ട് ക്വുർആൻ അതിന്റെ വെല്ലുവിളി ഒന്നുകൂടി ശക്തമായി ആവർത്തിക്കുന്നു.

**"നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതാണല്ലോ വേണ്ടത്)."** (2:23)

**"അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചതാണ് എന്നാണോ അവർ പറയുന്നത്? (നബിയേ,) പറയുക: എന്നാൽ അതിന്ന് തുല്യമായ ഒരു അദ്ധ്യായം നിങ്ങൾ കൊണ്ടു വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ."** (10:38)

അതിന് സാധ്യമല്ലെന്ന് തറപ്പിച്ച് പറഞ്ഞ ക്വുർആൻ ശക്തമായ ഓരോ താക്കീതും എതിരാളികൾക്ക് നൽകുന്നുണ്ട്.

**“നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്.” (2:24)**

സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിന്റെ അന്തിമവേദമായ വിശുദ്ധ ക്വുർആൻ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനോ ദേശക്കാർക്കോ മാത്രമായുള്ളതല്ല. പ്രത്യുത സർവരിലേക്കുമായുള്ള സർവലോകരക്ഷിതാവിന്റെ സന്ദേശമത്രെയത്.

**‘‘ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ.” (2:185)**

(3:138), (14:52), (17:89), (18:54), (30:58) മുതലായ സൂക്തങ്ങൾ കാണുക. ക്വുർആൻ ആഴത്തിൽ പഠിക്കുവാനും ഉറ്റാലോചിക്കുവാനും ആഹ്വാനം ചെയ്യുന്ന ക്വുർആൻ അതിന്റെ വചനങ്ങൾ തമ്മിലുള്ള ചേർച്ചയും ആശയപ്പൊരുത്തവും അതിന്റെ ദൈവികതക്കുള്ള മറ്റൊരു ദൃഷ്ടാന്തമായി എടുത്തുകാട്ടുന്നു.

**“അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു.” (4:82)**

കൈകടത്തലും മാറ്റത്തിരുത്തലുകളും സംഭവിച്ച മുൻവേദങ്ങളുടെ അടിസ്ഥാനആശയങ്ങളെ സംരക്ഷിക്കുന്നതും സന്മാർഗദർശിയും ദൈവികാനുഗ്രഹവുമാണ് വിശുദ്ധ ക്വുർആൻ.

**“(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്. അതിനാൽ നീ അവർക്കിടയിൽ നാം അവതരിപ്പിച്ച് തന്നതനുസരിച്ച് വിധികൽപിക്കുക. നിനക്ക് വന്നുകിട്ടിയ സത്യത്തെ വിട്ട് നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിപോകരുത്. നിങ്ങളിൽ ഓരോ വിഭാഗ**

**ത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷെ നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുവാൻ (അവൻ ഉദ്ദേശിക്കുന്നു.) അതിനാൽ നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. നിങ്ങൾ ഭിന്നിച്ചിരുന്ന വിഷയങ്ങളെപ്പറ്റി അപ്പോളവൻ നിങ്ങൾക്ക് അറിയിച്ച് തരുന്നതാണ്."** (5:48)

**"അല്ലാഹുവിന് പുറമെ (മറ്റാരാലും) ഈ ക്വുർആൻ കെട്ടിച്ചമയ്ക്കപ്പെടാവുന്നതല്ല. പ്രത്യുത അതിന്റെ മുമ്പുള്ള ദിവ്യസന്ദേശത്തെ സത്യപ്പെടുത്തുന്നതും, ദൈവികപ്രമാണത്തിന്റെ വിശദീകരണവുമത്രെ അത്. അതിൽ യാതൊരു സംശയവുമില്ല. ലോകരക്ഷിതാവിങ്കൽ നിന്നുള്ളതാണത്."** (10:37)

കിടയറ്റ ധാർമികതയും സദാചാരവുമാണ് ക്വുർആൻ മാനവരാശിക്കു മുമ്പിൽ സമർപ്പിക്കുന്നത്. ക്വുർആൻ നിഷിദ്ധമാക്കിയ വല്ലതും മനുഷ്യസമൂഹത്തിന് നന്മയും ഉത്തമവുമാണ് എന്നോ ക്വുർആൻ അനുവദിച്ച വല്ലതും ദോഷകരമായതിനാൽ വിലക്കേണ്ടതായിരുന്നുവെന്നോ വസ്തുനിഷ്ഠമായി വിമർശിക്കാൻ ഇന്നോളം ആർക്കും സാധിച്ചിട്ടില്ല.

അല്ലാഹു പറയുന്നു: **"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു."** (17:9)

**"അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും, നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു."** (5:16)

മുൻവേദങ്ങൾക്ക് സംഭവിച്ചതുപോലെയുള്ള കൈകടത്തലുകളിൽനിന്ന് സംരക്ഷിച്ച് അന്ത്യനാൾ വരെയുള്ള സർവ മനുഷ്യർക്കും മാർഗദർശകഗ്രന്ഥമായി ക്വുർആനിനെ നിലനിർത്തുമെന്നും അല്ലാഹു സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്.

**“തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്.”** (15:9)

**മുൻ വേദങ്ങൾക്കെന്ത് സംഭവിച്ചു?**

ഓരോ പ്രത്യേക കാലഘട്ടത്തിലേക്ക് മാത്രമായിട്ടായിരുന്നു മുൻ വേദഗ്രന്ഥങ്ങളവതരിപ്പിക്കപ്പെട്ടത്. എന്നാൽ വിശുദ്ധ ക്വുർആൻ ലോകാവസാനം വരെയുള്ള സർവ ജനങ്ങളിലേക്കുമായി അവതരിപ്പിക്കപ്പെട്ട അന്തിമ വേദഗ്രന്ഥമാണ്.

ക്വുർആനിന്റെ അവതരണത്തോടെ മുൻവേദഗ്രന്ഥങ്ങളുടെ കാലപരിധിയും ദൗത്യവും അവസാനിച്ചു.

അല്ലാഹു പറയുന്നു **“ഇതിനു മുമ്പ്; മനുഷ്യർക്ക് മാർഗദർശനത്തിനായിട്ട് സത്യാസത്യവിവേചനത്തിനുള്ള പ്രമാണവും അവൻ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവരാരോ അവർക്ക് കഠിനമായ ശിക്ഷയാണുള്ളത്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി സ്വീകരിക്കുന്നവനുമാകുന്നു. ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരു കാര്യവും അല്ലാഹുവിന്ന് അവ്യക്തമായിപ്പോകുകയില്ല; തീർച്ച.”** (3:4,5)

മുൻ വേദഗ്രന്ഥങ്ങളെ ഏൽപിക്കപ്പെട്ട സമൂഹങ്ങൾ അവയോട് വേണ്ടപോലെ നീതി പുലർത്തിയില്ലായെന്ന് മാത്രമല്ല, അവയിൽ കൈകടത്തലുകൾ നടത്തുകയും സ്വാർഥതാൽപര്യങ്ങൾക്കനുസരിച്ച് ദുർവ്യാഖ്യാനിക്കുകയും ചെയ്തു.

**“എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്.) അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം.”** (2:79)

**തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും, എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ (യഹൂദരുടെ) ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടേത് പോലെയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചു കളഞ്ഞ ജനങ്ങളുടെ ഉപമ എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു സന്മാർഗത്തിലാക്കുകയില്ല”.** (62:5)

ക്വുർആൻ പറഞ്ഞ ഈ വസ്തുതകൾ നൂറുശതമാനവും ശരി വെക്കുന്നതാണ് ഇന്ന് നിലവിലുള്ള മുൻ വേദഗ്രന്ഥങ്ങളുടേതായി പറയപ്പെടുന്ന ഗ്രന്ഥങ്ങളുടെ കോപ്പികൾ മുഴുവനും. നിഷ്പക്ഷവും വസ്തുനിഷ്ഠവുമായി അവ പഠനവിധേയമാകുന്ന ആർക്കും ഇത് ബോധ്യപ്പെടുന്നതാണ്. പരസ്പര വൈരുധ്യമായ വചനങ്ങളും ആശയപ്പൊരുത്തമില്ലാത്ത വിവരണങ്ങളും അവയിൽ കാണാം. മനുഷ്യർക്ക് മാതൃകയും സന്മാർഗദർശികളുമായി ദൈവത്താൽ നിയോഗിതരായ പ്രവാചകന്മാരെ പോലും ദുർമാർഗികളും കൊള്ളരുതാത്തവരുമായി ചിത്രീകരിക്കുന്ന വചനങ്ങൾ അവയിൽ കാണുന്നു എന്നത് എന്തുമാത്രം വിരോധാഭാസമല്ല!

വേദഗ്രന്ഥങ്ങളെ ഭക്തിയാദരവോടെ സമീപിക്കാനും ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നുണ്ട് വിശുദ്ധ ക്വുർആൻ.

**“എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ട് വരുന്നതുമാണ്. അവൻ പറയും: എന്റെ രക്ഷിതാവേ, നീ എന്തിനാണെന്നെ അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ട് വന്നത്? ഞാൻ കാഴ്ചയുള്ളവനായിരുന്നല്ലോ! അല്ലാഹു പറയും: അങ്ങനെതന്നെയാകുന്നു. നിനക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ വന്നെത്തുകയുണ്ടായി. എന്നിട്ട് നീ അത് മറന്നുകളഞ്ഞു. അത് പോലെ ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു.” (20:124-126)**

അതിനാൽ, കൈകടത്തലുകളിൽനിന്നും സുരക്ഷിതവും നൂറുശതമാനവും ദൈവികമെന്ന് ഉറപ്പുള്ളതുമായ അന്തിമ വേദഗ്രന്ഥം വിശുദ്ധ ക്വുർആൻ മാത്രമാണ്. അതനുസരിച്ച് ജീവിക്കുകയാണ് മോക്ഷത്തിന്റെയും വിജയത്തിന്റെയും മാർഗം. ദൈവികമായ മാർഗനിർദേശങ്ങൾ പഠിച്ചറിഞ്ഞ് പിൻപറ്റുവാനും അതുവഴി ശാശ്വതമായ സമാധാനവും വിജയവും കരസ്ഥമാക്കുവാനും സർവശക്തൻ തുണക്കട്ടെ! ആമീൻ

അധ്യായം

# 5

# ദൈവദൂതന്മാരിലുള്ള വിശ്വാസം

മനുഷ്യൻ ഭൗതികമായി എത്രതന്നെ പുരോഗമിച്ചാലും ദൈവിക മാർഗദർശനം അവന് അനിവാര്യമാണ്. സത്യവും അസത്യവും ധർമവും അധർമവും വേർതിരിച്ചറിയാൻ വ്യത്യസ്ത നിലവാരത്തിലുള്ള മനുഷ്യബുദ്ധിക്കോ ചിന്തകൾക്കോ സാധ്യമല്ല. സ്ഥല-കാലങ്ങളുമായി ബന്ധിക്കപ്പെട്ട മനുഷ്യന് അവയിൽനിന്ന് മുക്തമായി ചിന്തിക്കുവാനും കാര്യങ്ങൾ വിലയിരുത്തുവാനും കഴിയുകയില്ല. അതുകൊണ്ടുതന്നെ മനുഷ്യബുദ്ധിയിൽ നിന്നുരുത്തിരിയുന്ന ധാർമികനിർദേശങ്ങൾക്ക് സ്ഥല-കാലങ്ങളുടെ സ്വാധീനമുണ്ടാവുക സ്വാഭാവികം മാത്രം. സാർവകാലികവും സാർവജനീനവുമായ കുറ്റമറ്റ മാർഗനിർദേശങ്ങൾ നൽകാൻ മനുഷ്യൻ അശക്തനാണ്. വിവാഹവും വ്യഭിചാരവും തമ്മിലുള്ള വ്യത്യാസം അവന് വിശദീകരിക്കുക പ്രയാസമാണ്. ഒന്ന് വിശുദ്ധവും മറ്റേത് അവിശുദ്ധവുമെന്ന് പ്രഖ്യാപിക്കാൻ അവന് സാധിക്കുകയില്ല. അവിടെയാണ് ദൈവിക മാർഗദർശനത്തിന്റെ പ്രസക്തി.

**ദൈവിക മാർഗദർശനം**

ഓരോ ജീവിക്കും നിലനിൽപിനാവശ്യമായ ജന്മവാസന

കളും ദിശാബോധവും നൽകിയ സ്രഷ്ടാവ് തന്നെ മനുഷ്യനും മാർഗനിർദേശങ്ങൾ നൽകുകയെന്നത് സ്രഷ്ടാവിന്റെ അനുഗ്രഹവും കാരുണ്യവുമാണ്. നമ്മെ സൃഷ്ടിച്ച അല്ലാഹു തന്നെയാണ് നാം എങ്ങനെ ജീവിക്കണമെന്ന് പറഞ്ഞുതരാൻ അർഹനും യോഗ്യനും. അവന്റെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കാനും അവന് എങ്ങനെ ആരാധനകളർപിക്കണമെന്നറിയാനും മനുഷ്യബുദ്ധി അശക്തമാണ്. താൻ എവിടെനിന്ന് വന്നു? എങ്ങോട്ട് പോകുന്നു? എങ്ങനെ ജീവിക്കണം? എന്നൊക്കെയുള്ള അടിസ്ഥാനചോദ്യങ്ങൾക്ക് കൃത്യമായ ഒരു ഉത്തരം നൽകാനോ തന്റെ വിലാസവും ജീവിതലക്ഷ്യവും നിർണയിക്കുവാനോ നന്മ-തിന്മകളെ വ്യവഛേദിക്കുവാനോ ദൈവിക മാർഗദർശനം കൂടാതെ സാധ്യമല്ല തന്നെ.

കാരുണ്യവാനായ അല്ലാഹു അവനിറക്കിയ വേദഗ്രന്ഥങ്ങളിലൂടെയും അവനയച്ച ദൂതന്മാരിലൂടെയും അത് നൽകി.

**"മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും അല്ലാഹു ദൂതന്മാരെ തെരഞ്ഞെടുക്കുന്നു. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമത്രെ." (22:75)**

ആ പ്രവാചകന്മാരെ അറിയലും അംഗീകരിക്കലും മനുഷ്യരുടെ ബാധ്യതയും രക്ഷാമാർഗവുമാണ്. മനുഷ്യരിൽനിന്ന് തന്നെ മാതൃകയും മാർഗദർശനവുമായി ദൂതന്മാരെ അയക്കുകവഴി വളരെ വലിയ അനുഗ്രഹമാണ് അല്ലാഹു മനുഷ്യരാശിക്ക് ചെയ്തത്. അല്ലാഹു പറയുന്നു:

**"തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു." (3:164)**

ദൈവിക സന്ദേശങ്ങളുമായി എല്ലാ സമൂഹങ്ങളിലേക്കും അല്ലാഹു ദൂതന്മാരെ അയച്ചിട്ടുണ്ട്.

**"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തി**

**കളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചുതള്ളിക്കളെ ഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക." (16:36)**

**"അവിശ്വസിച്ചവരാരോ അവർക്കാണ് നരകാഗ്നി. അവരുടെ മേൽ (മരണം) വിധിക്കപ്പെടുന്നതല്ല. എങ്കിൽ അവർക്ക് മരിക്കാ മായിരുന്നു. അതിലെ ശിക്ഷയിൽ നിന്ന് ഒട്ടും അവർക്ക് ഇള വുചെയ്യപ്പെടുകയുമില്ല. അപ്രകാരം എല്ലാ നന്ദികെട്ടവർക്കും നാം പ്രതിഫലം നൽകുന്നു." (35:36).**

അവരെ പിൻപറ്റൽ ഓരോ ജനതയുടെയും ബാധ്യതയത്രെ!

ഒരുപറ്റം പ്രവാചകന്മാരുടെ പേരുകൾ എടുത്തുപറഞ്ഞ ശേഷം അല്ലാഹു പറയുന്നു:

**"അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതി നാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക. (നബിയേ) പറയുക: ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്ക് വേണ്ടി യുള്ള ഒരു ഉദ്ബോധനമല്ലാതെ മറ്റൊന്നുമല്ല." (6:90)**

**ആരാണ് പ്രവാചകന്മാർ?**

മനുഷ്യർക്ക് മാർഗദർശനം നൽകുന്നതിനുവേണ്ടി അവരിൽനിന്ന് തന്നെ അല്ലാഹു തെരഞ്ഞെടുത്ത സത്യസന്ധരും സൽസ്വഭാവിക ളുമായ മഹാന്മാരാണ് പ്രവാചകന്മാർ. അല്ലാഹുവിന്റെ അനുഗ്ര ഹവും ഔദാര്യവുമെന്ന നിലയിൽ അവൻ നൽകുന്നതാണ് പ്രവാ ചകത്വം. അല്ലാതെ പരിശ്രമങ്ങളിലൂടെ നേടാനാവുന്നതല്ല അത്. അല്ലാഹു പറയുന്നു.

**"നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെര ഞ്ഞെടുക്കുവാൻ അർഹതയില്ല. അല്ലാഹു എത്രയോ പരിശുദ്ധനും, അവർ പങ്കുചേർക്കുന്നതിനെല്ലാം അതീതനുമായിരിക്കുന്നു." (28:68)**

ദൈവിക ദൃഷ്ടാന്തങ്ങളും പ്രവാചകത്വവും അംഗീകരിക്കാതെ

ദുർന്യായങ്ങൾ നിരത്തി ശഠിച്ചുനിന്നവരോട് ക്വുർആൻ പ്രതികരിച്ചതിപ്രകാരമാണ്.

**"അവർക്ക് വല്ല ദൃഷ്ടാന്തവും വന്നാൽ, അല്ലാഹുവിന്റെ ദൂതന്മാർക്ക് നൽകപ്പെട്ടത് പോലുള്ളത് ഞങ്ങൾക്കും ലഭിക്കുന്നത് വരെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല എന്നായിരിക്കും അവർ പറയുക. എന്നാൽ അല്ലാഹുവിന്ന് നല്ലവണ്ണമറിയാം; തന്റെ ദൗത്യം എവിടെയാണ് ഏൽപിക്കേണ്ടതെന്ന്. കുറ്റകൃത്യങ്ങളിൽ ഏർപെട്ടവർക്ക് തങ്ങൾ പ്രയോഗിച്ചിരുന്ന കുതന്ത്രത്തിന്റെ ഫലമായി അല്ലാഹുവിങ്കൽ ഹീനതയും കഠിനമായ ശിക്ഷയും വന്നുഭവിക്കുന്നതാണ്." (6:124)**

**''ഈ രണ്ട് പട്ടണങ്ങളിൽ നിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്നും അവർ പറഞ്ഞു. അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്ക് വെച്ചു കൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്ക് വെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചു വെക്കുന്നതിനെക്കാൾ ഉത്തമം." (43:31-32)**

അവർ മാതൃകാപുരുഷന്മാരും സമ്പൂർണ മനുഷ്യരുമായിരുന്നു. അവരാരും ദൈവമോ ദൈവാവതാരങ്ങളോ അല്ല. മാനുഷികമായ പല വികാരങ്ങളും പരിമിതികളുമുള്ളവരായിരുന്നു അവർ. രോഗവും വിശപ്പും ക്ഷീണവുമൊക്കെ അവർക്ക് ബാധിച്ചിരുന്നു. ക്വുർആൻ പരിചയപ്പെടുത്തിയ പ്രവാചകന്മാരിലൊരാളായ ഇബ്രാഹിം നബി عليه السلام യുടെ വാക്കുകൾ ക്വുർആൻ ഉദ്ധരിക്കുന്നത് കാണുക.

**"എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ." (26:79-81).**

പ്രവാചകന്മാരിൽ ഏറ്റവും ഉൽകൃഷ്ടനായ മുഹമ്മദ് നബി ﷺ ക്കും രോഗവും മറവിയുമൊക്കെ സംഭവിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു:

*“ഞാൻ നിങ്ങളെ പോലൊരു മനുഷ്യനാകുന്നു. നിങ്ങൾക്ക് മറവി പറ്റുന്നതുപോലെ എനിക്കും മറവി സംഭവിക്കും” (ബുഖാരി, മുസ്‌ലിം)*

അവരുടെ മാനുഷികമായ ഈ അവസ്ഥകൾ കണ്ട് അവരെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്തവർക്ക് ഖുർആൻ പലയാവർത്തി മറുപടി നൽകിയിട്ടുണ്ട്.

**“ജനങ്ങൾക്ക് സന്മാർഗം വന്നപ്പോൾ അവർ അത് വിശ്വസിക്കുന്നതിന് തടസ്സമായത്, അല്ലാഹു ഒരു മനുഷ്യനെ ദൂതനായി നിയോഗിച്ചിരിക്കുകയാണോ എന്ന അവരുടെ വാക്ക് മാത്രമായിരുന്നു. (നബിയേ) പറയുക: ഭൂമിയിലുള്ളത് ശാന്തരായി നടന്ന് പോകുന്ന മലക്കുകളായിരുന്നെങ്കിൽ അവരിലേക്ക് ആകാശത്ത് നിന്ന് ഒരു മലക്കിനെ നാം ദൂതനായി ഇറക്കുമായിരുന്നു.” (17:94–95)**

**“അവരിലേക്ക് നിയോഗിക്കപ്പെട്ട ദൂതന്മാർ പറഞ്ഞു: ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവായ അല്ലാഹുവിന്റെ കാര്യത്തിലാണോ സംശയമുള്ളത്? നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തുതരാനും, നിർണിതമായ ഒരു അവധി വരെ നിങ്ങൾക്ക് സമയം നീട്ടിത്തരുവാനുമായി അവൻ നിങ്ങളെ ക്ഷണിക്കുന്നു. അവർ (ജനങ്ങൾ) പറഞ്ഞു: നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യർ മാത്രമാകുന്നു. ഞങ്ങളുടെ പിതാക്കൾ ആരാധിച്ച് വരുന്നതിൽ നിന്നു ഞങ്ങളെ പിന്തിരിപ്പിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. അതിനാൽ വ്യക്തമായ വല്ല രേഖയും നിങ്ങൾ ഞങ്ങൾക്ക് കൊണ്ട് വന്നുതരൂ. അവരോട് അവരിലേക്കുള്ള ദൈവദൂതന്മാർ പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യന്മാർ തന്നെയാണ്. എങ്കിലും, അല്ലാഹു തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരോട് ഔദാര്യം കാണിക്കുന്നു. അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ നിങ്ങൾക്ക് യാതൊരു തെളിവും കൊണ്ട് വന്ന് തരാൻ ഞങ്ങൾക്കാവില്ല. അല്ലാഹുവിന്റെ മേലാണ് വിശ്വാസികൾ ഭരമേൽപിക്കേണ്ടത്.” (14:10,11)**

എന്തുകൊണ്ട് ദൈവദൂതന്മാരായി മലക്കുകളെ അയച്ചില്ല? എന്ന നിഷേധികളുടെ ചോദ്യത്തിന് ഖുർആൻ നൽകിയ മറുപടിയും ശ്രദ്ധേയമാണ്.

**“ഇയാളുടെ (നബിﷺയുടെ) മേൽ ഒരു മലക്ക് ഇറക്കപ്പെടാത്തത്**

**എന്താണ് എന്നും അവർ പറയുകയുണ്ടായി. എന്നാൽ നാം മലക്കിനെ ഇറക്കിയിരുന്നെങ്കിൽ കാര്യം (അന്തിമമായി) തീരുമാനിക്കപ്പെടുമായിരുന്നു. പിന്നീടവർക്ക് സമയം നീട്ടിക്കിട്ടു മായിരുന്നില്ല. ഇനി നാം ഒരു മലക്കിനെ (ദൂതനായി) നിശ്ചയി ക്കുകയാണെങ്കിൽ തന്നെ ആ മലക്കിനെയും നാം പുരുഷരൂ പത്തിലാക്കുമായിരുന്നു. അങ്ങനെ (ഇന്ന്) അവർ ആശയക്കു ഴപ്പമുണ്ടാക്കുന്ന വിഷയത്തിൽ (അപ്പോഴും) നാം അവർക്ക് സം ശയമുണ്ടാക്കുന്നതാണ്.” (6:8–9)**

**പ്രവാചകന്മാർ എന്തിന്?**

ദൈവദൂതന്മാര അല്ലാഹു അയച്ചതിന് പിന്നിൽ ചില മഹത്തായ ലക്ഷ്യങ്ങളുണ്ട്.

***1. മാതൃക:***

പ്രവാചകന്മാർ ദൈവിക മാർഗദർശനമനുസരിച്ച് ജീവിക്കുന്ന വരാണ്. അവരുടെ ജീവിതം മറ്റുള്ളവർക്ക് മാതൃകയാണ്.

**“തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമ മായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെ യും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്.” (33:21)**

തികഞ്ഞ മനുഷ്യരല്ലെങ്കിൽ ഇത് സാധ്യമാവുകയുമില്ല.

***2. ഭിന്നതക്ക് പരിഹാരം:***

സമൂഹത്തിലെ ഭിന്നതകൾക്കും വീക്ഷണ വ്യത്യാസങ്ങൾക്കും പരിഹാരം കണ്ട് ഐക്യപ്പെടാനുള്ള മാർഗംകൂടിയാണ് ദൈവിക ബോധനപ്രകാരം ജനങ്ങൾക്കിടയിൽ തീർച്ച കൽപിക്കുന്ന പ്രവാ ചകന്മാർ. കെട്ടുറപ്പുള്ള സമൂഹത്തിന് അനിവാര്യമായ ഒരു മാർഗനിർദേശമാണിത്. അല്ലാഹു പറയുന്നു:

**“മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭി ന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാ നും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹുപ്രവാ ചകന്മാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്ത**

**മായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു." (2:213)**

***3. ഒഴികഴിവ് പറയാതിരിക്കാൻ:***

നന്മകൾ സ്വീകരിച്ച് ദൈവികമാർഗദർശനങ്ങൾക്കനുസൃതമായി ജീവിച്ചവർക്ക് രക്ഷിതാവിന്റെ പ്രതിഫലം സംബന്ധിച്ച സന്തോഷവാർത്തയും, തിന്മകളുടെ വക്താക്കളായി ജീവിതം നശിപ്പിച്ചവർക്ക് വരാനിരിക്കുന്ന ദുരന്തങ്ങളെക്കുറിച്ച താക്കീതും നൽകുന്ന പ്രവാചകന്മാർ, ദൈവിക വിചാരണയുടെ വേളയിൽ യാതൊരുവിധ ഒഴികഴിവുകൾ നിരത്താതിരിക്കുവാൻവേണ്ടി അല്ലാഹു സ്ഥാപിച്ച ശക്തമായ തെളിവുകൾകൂടിയാണ്. നബിﷺ പറയുന്നു: *"അല്ലാഹുവിനേക്കാൾ ന്യായമായ ഒഴികഴിവുകൾ സ്വീകരിക്കാനിഷ്ടപ്പെടുന്ന മറ്റൊരാളുമില്ല. അക്കാരണത്താലാണ് അവൻ സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പ് നൽകുന്നവരുമായ ദൂതന്മാരെ നിയോഗിച്ചത്" (ബുഖാരി, മുസ്‌ലിം).*

അല്ലാഹു പറയുന്നു: **"സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരുമായ ദൂതന്മാരായിരുന്നു അവർ. ആ ദൂതന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു." (4:165)**

മുഹമ്മദ് നബിﷺയുടെ നിയോഗവുമായി ബന്ധപ്പെട്ട് ഇക്കാര്യം ഒന്നുകൂടി ക്വുർആൻ ആവർത്തിക്കുന്നത് കാണുക.

**"വേദക്കാരേ, ദൈവദൂതന്മാർ വരാതെ ഒരു ഇടവേള കഴിഞ്ഞ ശേഷം നിങ്ങൾക്ക് (കാര്യങ്ങൾ) വിവരിച്ചുതന്നു കൊണ്ട് നമ്മുടെ ദൂതൻ ഇതാ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. ഞങ്ങളുടെ അടുത്ത് ഒരു സന്തോഷവാർത്തക്കാരനോ, താക്കീതുകാരനോ വന്നില്ല എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാണിത്. അതെ, നിങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുകയും, താക്കീത് നൽകുകയും ചെയ്യുന്ന ആൾ (ഇതാ) വന്നു കഴിഞ്ഞിരിക്കുന്നു.**

**അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ." (5:19)**

'ഞങ്ങൾ അറിഞ്ഞില്ല, കേട്ടില്ല' എന്ന് ഒരാൾക്ക് ന്യായവാദങ്ങൾ നിരത്താൻ കഴിയാത്തവിധം എതിർരേഖകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്ന് സാരം.

### പ്രവാചകന്മാരോടുള്ള കടമകൾ

മോക്ഷത്തിന്റെയും സമാധാനത്തിന്റെയും പാഠങ്ങൾ പറഞ്ഞുതന്ന് നന്മയുടെ പാതയിലൂടെ കൈപിടിച്ചാനയിച്ച സത്യസന്ധന്മാരും മനുഷ്യസ്നേഹികളുമായ ദൈവദൂതന്മാരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതുണ്ട്. അവരിലൂടെ ലഭിച്ച നേട്ടം മറ്റാരിലൂടെ ലഭിക്കുന്ന നേട്ടങ്ങളേക്കാളും മഹത്തരമാണ്. അവർ ആ നന്മയുടെ മാർഗത്തിൽ സഹിച്ച ത്യാഗങ്ങൾക്കും കഷ്ടതകൾക്കും തുല്യതയില്ല. നന്മകൾ മാത്രം സമൂഹത്തിന് സമ്മാനിച്ച അവരിൽ പലരെയും സ്വന്തം ജനത മർദിക്കുകയും കൊലപ്പെടുത്തുകയും നാടുകടത്തുകയുമൊക്കെയുണ്ടായിട്ടുണ്ട്. അത്തരം നിഷേധികൾക്ക് ഈ ലോക ജീവിതത്തിലും പാരത്രികജീവിതത്തിലും ലഭിക്കുന്ന ശിക്ഷയെ സംബന്ധിച്ച് ക്വുർആൻ വിവരിക്കുന്നുണ്ട്.

**"ഇവരുടെ മുമ്പ് നൂഹിന്റെ ജനതയും റസ്സുകാരും, ഥമൂദ് സമുദായവും സത്യം നിഷേധിക്കുകയുണ്ടായി. ആദ് സമുദായവും, ഫിർഔനും, ലൂത്വിന്റെ സഹോദരങ്ങളും, മരക്കൂട്ടങ്ങൾക്കിടയിൽ വസിച്ചിരുന്നവരും, തുബ്ബഇന്റെ ജനതയും. ഇവരെല്ലാം ദൈവദൂതന്മാരെ നിഷേധിച്ചു തള്ളി. അപ്പോൾ (അവരിൽ) എന്റെ താക്കീത് സത്യമായി പുലർന്നു." (50:12–14)**

അവരുടെ മഹത്വവും പ്രത്യേകതകളും തിരിച്ചറിഞ്ഞ വിശ്വാസികൾ മറ്റെന്തിനേക്കാളും അവരെ സ്നേഹിക്കുവാനും അവരുടെ മാർഗനിർദേശങ്ങൾ പിൻപറ്റുവാനും ബാധ്യസ്ഥരാണ്.

അല്ലാഹു പറയുന്നു: **"സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷ**

**യെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക." (9:34)**

**"അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക. (നബിയേ) പറയുക: ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്ക് വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല." (6:90)**

അവരുടെ പ്രവാചകത്വമംഗീകരിക്കുകയും അവരുടെ അധ്യാപനങ്ങളെ ദൈവിക വെളിപാടുകളെന്ന നിലയിൽ ആദരിക്കുകയും വേണം. അവയിലെ യുക്തിരഹസ്യങ്ങൾ തിരിച്ചറിയാൻ സാധിച്ചില്ല എന്നതിന്റെ പേരിൽ അവയെ പരിഹസിക്കുകയോ നിഷേധിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അല്ലാഹു പ്രവാചകനായി തെരഞ്ഞെടുത്തവരായി പ്രമാണങ്ങൾ അറിയിച്ച ഒരാളുടെ പോലും പ്രവാചകത്വം നിഷേധിക്കാവതല്ല. അവരിൽ ഒരാളെ നിഷേധിച്ചാൽ തന്നെ സർവ പ്രവാചകന്മാരെയും നിഷേധിച്ചതിന് തുല്യമായി.

ആദ്യമനുഷ്യനും ഒന്നാമത്തെ നബിയും ആദം നബിعليه السلامയാണ്. എന്നാൽ ഒന്നാമത്തെ റസൂൽ നൂഹ് നബിعليه السلامയാണ്. അദ്ദേഹത്തെ നിഷേധിച്ചവരെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക.

**"നൂഹിന്റെ ജനത ദൈവദൂതന്മാരെ നിഷേധിച്ചു തള്ളി." (26:105)**

അല്ലാഹു അയച്ച പ്രവാചകന്മാരിൽ ചിലരെ അംഗീകരിക്കുകയും മറ്റു ചിലരെ നിഷേധിക്കുകയും ചെയ്യുന്നത് തികഞ്ഞ നിഷേധവും നിന്ദ്യമായ ശിക്ഷക്ക് അർഹമാക്കുന്ന കാര്യമാണെന്നും ക്വുർആൻ ഉണർത്തുന്നു.

**"അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും, (വിശ്വാസകാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതൻമാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും, അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ, അവർ തന്നെയാകുന്നു യഥാർഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്." (4:150-151)**

മൂസാعليه السلامവരെയുള്ള പ്രവാചകന്മാരെ അംഗീകരിക്കുകയും ശേ

ഷം വന്ന ഈസാനബി(അ)യെയും മുഹമ്മദ് നബി(സ)യെയും അംഗീ കരിക്കാതിരിക്കുകയും ചെയ്ത ജൂതന്മാരുടെയും ഈസാ (അ)യിൽ വിശ്വസിക്കുകയും മുഹമ്മദ് നബി(സ)യിൽ അവിശ്വസിക്കുകയും ചെയ്ത ക്രൈസ്തവരുടെയും മാർഗഭ്രംശം ഇതിൽനിന്ന് വ്യക്ത മാണ്. വാസ്തവത്തിൽ മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തെ ക്കുറിച്ച് മോശെ പ്രവാചകനും യേശുവും സുവിശേഷമറിയിച്ചിരു ന്നതായി ബൈബിൾ തന്നെയും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ക്വുർ ആൻ അവരെക്കുറിച്ച് പറഞ്ഞതെത്ര ശരി!

**"നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയാ വുന്നത് പോലെ അദ്ദേഹത്തെ (റസൂലിനെ) അറിയാവുന്നതാണ്. തീർച്ചയായും അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ട് തന്നെ സത്യം മറച്ചുവെക്കുകയാകുന്നു." (2:146)**

**"നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ സ്വന്തം മക്കളെ അറി യുന്നത് പോലെ അത് അറിയുന്നുണ്ട്. സ്വദേഹങ്ങളെ നഷ്ടത്തി ലാക്കിയവരത്രെ അവർ. അതിനാൽ അവർ വിശ്വസിക്കുകയില്ല." (6:20)**

വിശ്വാസികളോടായി അല്ലാഹുവിന്റെ നിർദേശം സർവ പ്രവാ ചകന്മാരെയും അംഗീകരിക്കുവാനാണ്. ക്വുർആൻ പറയുന്നു.

**"നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്ന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു."(2:136)**

ആ നിർദേശം സ്വീകരിച്ച സത്യവിശ്വാസികളുടെ പ്രഖ്യാപനം ക്വുർആൻ ഉണർത്തുന്നത് കാണുക.

**"തന്റെ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെതുടർന്ന്) സത്യവിശ്വാസി കളും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവ**

**ന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്.) അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം." (2:285)**

അല്ലാഹു അയച്ച പ്രവാചകന്മാരുടെﷺ കൂട്ടത്തിൽ പേരും ചരിത്രവും വിശദമാക്കപ്പെട്ടവരും അല്ലാത്തവരുമുണ്ട്. വിശദീകരണം ലഭ്യമല്ലാത്തവരെക്കുറിച്ച് മൊത്തത്തിലും വിശദാംശങ്ങൾ ലഭ്യമായവരുടെ പേരും വിവരണങ്ങളുമടക്കം അംഗീകരിക്കുകയും വേണം.

**"നിനക്ക് മുമ്പ് നാം പല ദൂതന്മാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നാം നിനക്ക് വിവരിച്ചുതന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്ക് നാം വിവരിച്ചുതന്നിട്ടില്ല. യാതൊരു ദൂതന്നും അല്ലാഹുവിന്റെ അനുമതിയോട് കൂടിയല്ലാതെ ഒരു ദൃഷ്ടാന്തം കൊണ്ടുവരാനാവില്ല. എന്നാൽ അല്ലാഹുവിന്റെ കൽപന വന്നാൽ ന്യായപ്രകാരം വിധിക്കപ്പെടുന്നതാണ്. അസത്യവാദികൾ അവിടെ നഷ്ടത്തിലാവുകയും ചെയ്യും." (40:78)**

അവരിൽ ഏറ്റവും ഉൽകൃഷ്ടർ അഞ്ചുപേരാണ്. ഉലുൽ അസ്മ് (ദൃഢമനസ്കർ) എന്നാണ് അവർ അറിയപ്പെടുന്നത്. നൂഹ്عليه السلام, ഇബ്രാഹിംعليه السلام, മൂസാعليه السلام, ഈസാعليه السلام, മുഹമ്മദ്ﷺ എന്നിവരാണവർ.

**മുഹമ്മദ് നബിﷺ അന്ത്യപ്രവാചകൻ**

അല്ലാഹു അയച്ച പ്രവാചകന്മാരിൽ അന്തിമനാണ് മുഹമ്മദ് നബിﷺ. ക്രിസ്താബ്ദം 571ൽ മക്കയിൽ ജനിച്ച അദ്ദേഹം മദീനയിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. കൃത്യമായ ചരിത്രത്തിന്റെ വെളിച്ചത്തിൽ ജീവിച്ച അദ്ദേഹത്തിന്റെ ജീവിതവും സന്ദേശവും കുറ്റമറ്റ രീതിയിൽ ഏറ്റവും ശാസ്ത്രീയമായി ഇന്നും ലഭ്യമാണ്. ഇത്രയും വ്യക്തമായ ചരിത്രത്തിന്റെ പിൻബലത്തിൽ ജീവിക്കുകയും ജീവിതത്തിലെ രഹസ്യ സംഭവങ്ങൾ വരെ ഇത്രയും കൃത്യമായി രേഖപ്പെടുത്തപ്പെടുകയും ചെയ്ത മറ്റൊരു മനുഷ്യനെയും കാണുക സാധ്യമല്ല. കാരണം അദ്ദേഹം ലോകാവസാനം വരെയുള്ള സർവരിലേക്കുമുള്ള ദൈവദൂതനാണ്. സർവ മനുഷ്യർക്കു

മുള്ള ധാർമിക നിർദേശങ്ങളും സന്മാർഗ വിവരണവുമാണ് അദ്ദേഹത്തിന്റെ ജീവിതം. അദ്ദേഹത്തെ പിൻപറ്റി ജീവിക്കലാണ് മോക്ഷത്തിന്റെ മാർഗം. അല്ലാഹു പറയുന്നു:

**“പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു.ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാർഗം പ്രാപിക്കാം.” (7:158)**

**“നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയികൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല.” (34:28)**

അല്ലാഹു അയച്ച പ്രവാചകന്മാർക്കൊക്കെയും അവരുടെ പ്രവാചകത്വത്തിന്റെ സത്യത വ്യക്തമാക്കുന്ന തെളിവുകളും നൽകപ്പെട്ടിട്ടുണ്ട്. ഏതൊരു പ്രവാചകന്റെയും ജനതക്ക് ബോധ്യപ്പെടുവാൻ മാത്രം ശക്തവും വ്യക്തവുമായിരുന്നു ആ ദൃഷ്ടാന്തങ്ങളൊക്കെയും. അന്ത്യപ്രവാചകനായ മുഹമ്മദ് നബിﷺക്കും അത്തരത്തിലുള്ള അനവധി ദൃഷ്ടാന്തങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനവും എക്കാലത്തേക്കുമുള്ള എല്ലാവർക്കും അദ്ദേഹത്തിന്റെ പ്രവാചകത്വം തിരിച്ചറിയാനുമുള്ള ഉത്തമ ദൃഷ്ടാന്തവുമാണ് വിശുദ്ധ ക്വുർആൻ.

ആ വിശുദ്ധ ഗ്രന്ഥം സത്യസന്ധമായി പഠനവിധേയമാക്കുന്ന ആർക്കും അതിന്റെ ദൈവികതയും മുഹമ്മദ് നബിﷺ യുടെ പ്രവാചകത്വവും അനിഷേധ്യമായി ബോധ്യപ്പെടുന്നതാണ്. അല്ലാഹു പറയുന്നു.

**“നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചു**

**കൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതാണല്ലോ വേണ്ടത്). നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്." (2:23,24)**

മുഹമ്മദ് നബി ﷺയോടെ പ്രവാചകശൃംഖല അവസാനിച്ചു. ഇനിയൊരു പ്രവാചകൻ വരികയില്ല. **''മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു." (33:40)**

അതിനാൽ ലോകാവസാനം വരെയുള്ള സർവ മനുഷ്യനും അദ്ദേഹത്തിൽ വിശ്വസിച്ച് അദ്ദേഹത്തിലൂടെ ലോകരക്ഷിതാവ് അവതരിപ്പിച്ച മാർഗനിർദേശങ്ങൾ പിൻപറ്റൽ നിർബന്ധമാണ്.

**"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല." (4:65)**

**''അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു." (33:36)**

മുഹമ്മദ് നബി ﷺയുടെ നിയോഗത്തിന് ശേഷം അദ്ദേഹത്തിൽ വിശ്വസിക്കാത്തവർ കുറ്റക്കാരാണെന്നും ദൈവികസന്ദേശത്തിന് നേരെ നിഷേധാത്മക സമീപനം കൈക്കൊണ്ടതിനാൽ നരകാവകാശികളായിരിക്കുമെന്നും അവിടുന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

നബി ﷺ പറഞ്ഞു: *"മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ*

*അവൻ തന്നെയാണ സത്യം! ഈ സമുദായത്തിലെ ജൂതനോ, ക്രിസ്ത്യാനിയോ ആരുമാകട്ടെ എന്നെക്കുറിച്ച് കേട്ടശേഷം ഞാൻ ഏതൊന്നുമായി അയക്കപ്പെട്ടുവോ അതിൽ വിശ്വസിക്കാതെ മരണപ്പെടുന്നപക്ഷം തീർച്ചയായും അയാൾ നരകാവകാശികളിൽ പെട്ടവനായിരിക്കും." (മുസ്ലിം).*

സർവ നന്മയിലേക്കും വഴിനടത്തുന്ന, പൂർവ വേദഗ്രന്ഥങ്ങൾ സന്തോഷവാർത്തയറിയിച്ച ആ അന്തിമ പ്രവാചകന്റെ മാർഗനിർദേശങ്ങൾ സ്വീകരിച്ച് മോക്ഷം കൈവരിക്കുവാനാണ് ക്വുർആൻ നിർദേശിക്കുന്നത്. അല്ലാഹു പറയുന്നു:

**"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ്നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്.) അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ." (7:157)**

നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹു അവന്റെ സത്യദൂതന്മാരെ അറിയാനും പിൻപറ്റുവാനും നമ്മെ അനുഗ്രഹിക്കട്ടെ!

അധ്യായം

# 6

# അന്ത്യദിനത്തിലുള്ള വിശ്വാസം

മനുഷ്യരടക്കമുള്ള സൃഷ്ടികളെല്ലാം നശിക്കുന്ന ഒരു ദിനം വരാനുണ്ട്. സ്രഷ്ടാവല്ലാത്തവരൊക്കെയും നശിക്കുന്നതാണ്.

**“ഒരു കാലയളവിനു ശേഷം ഇതിലെ വൃത്താന്തം നിങ്ങൾക്ക് മനസ്സിലാവുക തന്നെ ചെയ്യും.” (38:88)**

**“അവിടെ (ഭൂമുഖത്ത്)യുള്ള എല്ലാവരും നശിച്ച് പോകുന്നവരാകുന്നു. മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്.” (55:26,27)**

പിന്നീട് അവരെയൊക്കെ പുനർജീവിപ്പിച്ച് ഒരുമിച്ച് കൂട്ടുകയും ഓരോരുത്തരുടെയും കർമങ്ങൾക്കനുസരിച്ച് വിചാരണയും പ്രതിഫലവും നിർവഹിക്കപ്പെടുന്ന നീതിയുടെ ഒരു വേദി വരാനുണ്ടെന്നും ഇസ്ലാം പഠിപ്പിക്കുന്നു. ഇസ്ലാമിക വിശ്വാസ കാര്യങ്ങളിൽ സുപ്രധാനമായ ഒന്നാണിത്. അവിടെയാണ് മനുഷ്യരുടെ കർമങ്ങൾ വിചാരണ ചെയ്യപ്പെടുന്നത്. നന്മക്ക് നന്മയും തിന്മകൾക്ക് ശിക്ഷയും പ്രതിഫലമായി നൽകപ്പെടുന്ന കൃത്യമായ നീതിയുടെ ലോകം.

നീതിമാനായ പടച്ച തമ്പുരാന്റെ അളവറ്റ കാരുണ്യത്തിന്റെ

ഭാഗമാണ് ആ ലോകം. നന്മ-തിന്മകൾക്ക് കൃത്യമായ പ്രതിഫലം നൽകുവാനോ കണക്കാക്കുവാനോ പോലും ഈ ഭൗതിക ലോകം പലപ്പോഴും പര്യാപ്തമല്ല. നൂറുപേരെ കൊന്നയാൾക്കും ഒരാളെ കൊന്നയാൾക്കും ഒരിക്കൽമാത്രം വധശിക്ഷ വിധിക്കുവാനേ ഈ ലോകത്ത് സാധിക്കുകയുള്ളൂ. കൊല്ലപ്പെട്ടവരുടെ വേദനകളോ വികാരങ്ങളോ അതിന്റെ പരിണിതികളോ ഒന്നും ഭൗതിക കോട തികൾക്കൊന്നും കൃത്യമായി തിട്ടപ്പെടുത്താനാവില്ല. ഒരുപക്ഷെ, കൊല്ലപ്പെട്ടവരിൽ പലരും പല കുടുംബങ്ങളുടെയും അത്താണി യായിരിക്കാം. അവർ കൊലചെയ്യപ്പെട്ടതിലൂടെ കണ്ണീരിലാഴ്ന്ന എത്രയോ ആളുകളുണ്ടാവും! അതുപോലെയായിരിക്കുമോ ക്രൂരനും അക്രമിയുമായ ആ കൊലപാതകിയുടെ വധത്തിലൂടെ സംഭവിക്കു ന്നത്? അല്ല. ഒരിക്കലുമല്ല.

അപ്രകാരംതന്നെ നൂറുകണക്കിന് ആളുകൾക്ക് ആശ്രയവും സഹായവുമായി നിലകൊണ്ട് മറ്റുള്ളവരുടെ കഷ്ടതകളും പ്രയാ സങ്ങളും ഇല്ലാതാക്കാൻ ആത്മാർഥമായി പരിശ്രമിക്കുന്ന ഒരു വലിയ മനുഷ്യ സ്നേഹി, തന്റെ നിഷ്കാമ സേവനത്തിനിടയിൽ മരണപ്പെട്ടുപോകുന്നു. അയാൾക്ക് കൃത്യമായ പ്രതിഫലം നൽകാൻ ഭൗതികലോകത്തെ ഏത് കോടതിക്കും നീതിമാനുമാണ് സാധി ക്കുക? എന്നിരിക്കെ നിരപരാധികൾ ശിക്ഷിക്കപ്പെടുകയും അപ രാധികൾ രക്ഷപ്പെടുകയും ചെയ്യുന്ന ഈ ഭൗതിക ലോകത്ത് നീതി ക്കായി ഒരു വേഴാമ്പലിനെപോലെ ദാഹിക്കുന്ന എത്രയോ ആളു കളുണ്ട്. അവർക്കൊക്കെയും പ്രതീക്ഷയുടെ കിരണങ്ങൾ ചൊരി യുന്ന കൃത്യമായ നീതിയുടെ ലോകമാണ് ഇസ്‌ലാം പരിചയപ്പെടു ത്തുന്ന പരലോകം. അവിടുത്തെ വിജയമാണ് അന്തിമവും ശാശ്വ തവുമായ വിജയം.

അല്ലാഹു പറയുന്നു. **"ഏതൊരു ദേഹവും മരണം ആസ്വ ദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്." (3:185)**

ആ ദിവസത്തിന്റെ പൂർണാധികാരം നീതിമാനായ അല്ലാഹു വിന് മാത്രമായിരിക്കും. അവന്റെ വിധിയിലോ തീരുമാനങ്ങളിലോ

ഇടപെടുവാൻ ഒരാൾക്കും സാധിക്കുന്നതല്ല.

**“പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ.” (1:4)**

ഭൗതിക ലോകത്ത് എത്രതന്നെ ഉറ്റവരും ഉടയവരുമായിരുന്ന വർ പോലും നിസ്സഹായരായി നോക്കി നിൽക്കുകയല്ലാതെ യാതൊരു നിലക്കുമുപകരിക്കാത്ത ലോകമത്രെ അത്. അല്ലാഹു പറയുന്നു.

**“ഒരാൾക്കും മറ്റൊരാൾക്ക് വേണ്ടി ഒരു ഉപകാരവും ചെയ്യാൻ പറ്റാത്ത ഒരു ദിവസത്തെ നിങ്ങൾ സൂക്ഷിക്കുക. (അന്ന്) ഒരാളിൽ നിന്നും ഒരു ശുപാർശയും സ്വീകരിക്കപ്പെടുകയില്ല. ഒരാളിൽനിന്നും ഒരു പ്രായശ്ചിത്തവും മേടിക്കപ്പെടുകയുമില്ല. അവർക്ക് ഒരു സഹായവും ലഭിക്കുകയുമില്ല.” (2:48)**

**“ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി ഒരു ഉപകാരവും ചെയ്യുവാ ൻ പറ്റാത്ത, ഒരാളിൽ നിന്നും ഒരു പ്രായശ്ചിത്തവും സ്വീ കരിക്കപ്പെടാത്ത, ഒരാൾക്കും ഒരു ശുപാർശയും പ്രയോജ നപ്പെടാത്ത, ആർക്കും ഒരു സഹായവും ലഭിക്കാത്ത ഒരു ദിവ സത്തെ (ന്യായവിധിയുടെ ദിവസത്തെ) നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.” (2:123)**

**“മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജനം ചെയ്യാത്ത, ഒരു സന്തതിയും പിതാവിന് ഒട്ടും പ്രയോജനകാരിയാവാത്ത ഒരു ദിവസത്തെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക. തീർച്ചയായും അല്ലാ ഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതിനാൽ ഐഹികജീവിതം നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ. പരമവഞ്ചകനായ പിശാചും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ.” (31:33)**

അവിടെ തരിമ്പും അനീതിയുണ്ടാവില്ല. **“നിങ്ങൾ അല്ലാഹുവി ങ്കലേക്ക് മടക്കപ്പെടുന്ന ഒരു ദിവസത്തെ സൂക്ഷിച്ചുകൊള്ളുക. എന്നിട്ട് ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതിന്റെ ഫലം പൂർണമായി നൽകപ്പെടുന്നതാണ്. അവരോട് (ഒട്ടും) അനീതി കാണിക്കപ്പെടുകയില്ല.” (2:281)**

**വിവിധ പേരുകൾ**

ആ ദിവസത്തിൽ സംഭവിക്കുന്ന പല സംഗതികളെയും ഓർമ പ്പെടുത്തുന്ന വിവിധ പേരുകളിലൂടെ ക്വുർആൻ ആ ദിവസത്തെ പരിചയപ്പെടുത്തിയിട്ടുണ്ട്.

**1. അന്ത്യസമയം (അസ്സാഅഃ)**

**"തീർച്ചയായും അന്ത്യസമയം വരുക തന്നെ ചെയ്യും. അതിനാൽ നീ ഭംഗിയായി മാപ്പ് ചെയ്ത് കൊടുക്കുക." (15:85)**

**2. ഭയങ്കര സംഭവം (അൽ ഖാരിഅ)**

മനസ്സിൽ ഭീതി ഉയർത്തുന്ന ഭയങ്കര സംഭവങ്ങൾ അന്ന് നടക്കു മെന്ന സൂചനയാണ് ഈ പേരിലുള്ളത്. **"ഭയങ്കരമായ ആ സംഭവം. ഭയങ്കരമായ സംഭവം എന്നാൽ എന്താകുന്നു? ഭയങ്കരമായ സംഭവമെന്നാൽ എന്താണെന്ന് നിനക്കറിയുമോ? മനുഷ്യന്മാർ ചിന്നിച്ചിതറിയ പാറ്റയെപ്പോലെ ആകുന്ന ദിവസം! പർവതങ്ങൾ കടഞ്ഞ ആട്ടിൻ രോമം പോലെയും..." (101:1-5)**

**3. ഉയിർത്തെഴുന്നേൽപിന്റെ ദിവസം (യൗമുൽ ബഅ്ഥ്)**

എല്ലാവരും പുനർജീവിപ്പിക്കപ്പെടുന്ന ദിവസമായതുകൊണ്ടാണ് ഇപ്രകാരം പറയപ്പെട്ടത്.

**"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശ യത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക:)**

**തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും,പിന്നീട് ബീജത്തിൽ നിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്." (22:5)**

**4. ഉയിർത്തെഴുന്നേൽപിന്റെ ദിവസം (യൗമുൽ ഖിയാമ)**

**"അല്ലാഹു-അവനല്ലാതെ യാതൊരു ദൈവവുമില്ല. ഉയിർ ത്തെഴുന്നേൽപിന്റെ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരു മിച്ചുകൂട്ടുക തന്നെ ചെയ്യും. അതിൽ സംശയമേ ഇല്ല. അല്ലാഹു വെക്കാൾ സത്യസന്ധമായി വിവരം നൽകുന്നവൻ ആരുണ്ട്?" (4:87)**

**"ഉയിർത്തെഴുന്നേൽപിന്റെ നാളിൽ സ്വദേഹങ്ങളും തങ്ങളുടെ സ്വന്തക്കാരും നഷ്ടപ്പെട്ടവരാരോ, അവർ തന്നെയാകുന്നു തീർച്ചയായും നഷ്ടക്കാർ." (42:45)**

**5. പുറപ്പെടലിന്റെ ദിവസം (യൗമുൽ ഖുറൂജ്)**

ഖബറുകളിൽനിന്ന് പുറത്തുവരുന്ന ദിവസം എന്ന അർഥത്തിൽ.

**"അതായത് ആ ഘോരശബ്ദം യഥാർഥമായും അവർ കേൾക്കുന്ന ദിവസം. അതത്രെ (ഖബ്റുകളിൽ നിന്നുള്ള) പുറപ്പാടിന്റെ ദിവസം." (50:42)**

**"അതായത് അവർ ഒരു നാട്ടക്കുറിയുടെ നേരെ ധൃതിപ്പെട്ട് പോകുന്നത് പോലെ ഖബ്റുകളിൽ നിന്ന് പുറപ്പെട്ടു പോകുന്ന ദിവസം." (70:43)**

**6. തീർപ്പ് കൽപിക്കലിന്റെ ദിവസം (യൗമുൽ ഫസ്‌ൽ)**

എല്ലാവരെയും ഒരുമിച്ച് കൂട്ടി അവർക്കിടയിൽ തർക്കങ്ങൾ തീർത്ത് വിധി പറയുന്ന ദിവസമാണത്. **"അവർ ഭിന്നത പുലർത്തിയിരുന്ന വിഷയങ്ങളിൽ നിന്റെ രക്ഷിതാവ് തന്നെ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കിടയിൽ തീർപ്പുകൽപിക്കുന്നതാണ്; തീർച്ച." (32:25)**

**7. പ്രതിഫല ദിവസം (യൗമുദ്ദീൻ)**

നന്മ-തിന്മകൾക്ക് കൃത്യമായ പ്രതിഫലം നൽകപ്പെടുന്ന ദിവസമാണ്.

**"അവർ പറയും: അഹോ! ഞങ്ങൾക്ക് കഷ്ടം! ഇത് പ്രതിഫലത്തിന്റെ ദിനമാണല്ലോ!" (37:20)**

**"പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ." (1:4)**

**8. അന്ത്യദിനം (യൗമുൽ ആഖിർ) അഥവാ അന്ത്യഭവനം (ദാറുൽ ആഖിറ)**

അവസാനമായി മനുഷ്യർ എത്തിച്ചേരുന്നയിടമെന്ന അർഥമാണിത് കുറിക്കുന്നത്.

**"ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തികൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും."28:83)**

**"ഈ ഐഹികജീവിതം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. തീർച്ചയായും പരലോകം തന്നെയാണ് യഥാർഥ ജീവിതം. അവർ മനസ്സിലാക്കിയിരുന്നെങ്കിൽ!" (29:64)**

ഇങ്ങനെ ആ ദിവസത്തിന്റെ ഭീകരതയും ഭയാനകതകളും വിവിധങ്ങളായ അവസ്ഥകളും വ്യക്തമാക്കുന്ന വേറെയും പല പേരുകളിലൂടെ ആ ദിവസത്തെ ക്വുർആൻ പരിചയപ്പെടുത്തിയിട്ടുണ്ട്. അവിശ്വാസികൾക്ക് അന്നുണ്ടാകുന്ന കൊടും ഖേദം, സത്യവിശ്വാസവും സന്മാർഗവും സ്വീകരിക്കാത്തത്തിലൂടെ വന്നുചേർന്ന നഷ്ടം എന്നിവ വെളിപ്പെടുന്ന ദിവസം എന്നിങ്ങളെയുള്ള വിവരണങ്ങൾ അത്തരത്തിലുള്ള ചിലത് മാത്രമാണ്.

**ഭയാനകതകൾ, ഭീകരതകൾ**

ലോകമാസകലം ഒന്നിച്ച് ബാധിക്കുന്ന വലിയൊരു വിപത്തായിരിക്കും അന്ത്യസമയം അഥവാ ലോകാവസാനം. അന്ന് സംഭവിക്കാനിരിക്കുന്ന പല ഭയാനക സംഭവങ്ങളെക്കുറിച്ചും ക്വുർആൻ ഉണർത്തിയിട്ടുണ്ട്. പൊടുന്നനെയുള്ള ഒരു ദുരന്തമായിരിക്കും അത്. ഓടി രക്ഷപ്പെടാൻ സാധിക്കാത്ത വിധം എല്ലാവരെയും അത് ബാധിക്കും.

**"കാഹളത്തിൽ ഊതപ്പെടും. അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ചലനമറ്റവരായിത്തീരും; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നീട് അതിൽ (കാഹളത്തിൽ) മറ്റൊരിക്കൽ ഊതപ്പെടും. അപ്പോഴതാ അവർ എഴുന്നേറ്റ് നോക്കുന്നു." (39:68)**

**"ഒരൊറ്റ ഘോരശബ്ദം മാത്രമാണ് അവർ കാത്തിരിക്കുന്നത്. അവർ അന്യോന്യം തർക്കിച്ച് കൊണ്ടിരിക്കെ അതവരെ പിടികൂടും. അപ്പോൾ യാതൊരു വസ്വിയ്യത്തും നൽകാൻ അവർക്ക് സാധിക്കുകയില്ല. അവർക്ക് അവരുടെ കുടുംബത്തിലേക്ക് മടങ്ങാനും ആകുകയില്ല." (36:49–50)**

മൃഗങ്ങൾക്ക് വെള്ളം കൊടുക്കാനൊരുങ്ങുന്ന ആൾ അത് പൂർത്തിയാക്കുന്നതിന് മുമ്പേ ബോധമറ്റ് വീഴുമെന്നും വസ്ത്രം വിൽക്കുന്നയാൾ വാങ്ങുന്നയാൾ അത് നിവർത്തിക്കാണിക്കുന്നതിനിടക്ക് അത് സംഭവിക്കുമെന്നുമൊക്കെ നബിﷺ പ്രസ്താവിച്ച ഹദീഥുകൾ കാണാം. മുലയൂട്ടുന്ന മാതാക്കളുടെ ഭയവിഹ്വലതകളും ഗർഭിണികൾ അവരറിയാതെ പ്രസവിച്ചുപോകുന്നതുമൊക്കെ ക്വുർആൻ ഓർമപ്പെടുത്തുന്നുണ്ട്.

**"തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം**

**ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തന്റെ ഗർഭത്തിലുള്ളത് പ്രസവിച്ചു പോകുകയും ചെയ്യും." (22:1,2)**

ഭൂമി അതിശക്തമായി പ്രകമ്പനം കൊള്ളും. നക്ഷത്രങ്ങൾ ഉതിർന്നുവീഴും. സൂര്യനും ചന്ദ്രനും കൂട്ടിമുട്ടും. സമുദ്രങ്ങൾ കരകവിഞ്ഞൊഴുകും. മനുഷ്യർ ജീവനറ്റ ഈയാംപാറ്റകളെപോലെയാകും. എന്തുമാത്രം ഭയാനകമായിരിക്കും ആ രംഗം! ചെറിയൊരു ഭൂകമ്പമോ സുനാമിയോ ബാധിക്കുമ്പോഴേക്ക് ആ പ്രദേശത്തെ ഭീകരത നാമിന്ന് കാണുന്നു. എന്നാൽ സർവതിന്റെയും നാശം കുറിച്ചുകൊണ്ടുള്ള ആ മഹാസംഭവം ആർക്കാണ് അതിജയിക്കാൻ സാധിക്കുക? അല്ലാഹു പറയുന്നു:

**"എന്നാൽ നിങ്ങൾ അവിശ്വസിക്കുകയാണെങ്കിൽ, കുട്ടികളെ നരച്ചവരാക്കിത്തീർക്കുന്ന ഒരു ദിവസത്തെ നിങ്ങൾക്ക് എങ്ങനെ സൂക്ഷിക്കാനാവും? അതു നിമിത്തം ആകാശം പൊട്ടിപ്പിളരുന്നതാണ്. അല്ലാഹുവിന്റെ വാഗ്ദാനം പ്രാവർത്തികമാക്കപ്പെടുന്നതാകുന്നു. തീർച്ചയായും ഇതൊരു ഉൽബോധനമാകുന്നു. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം അവൻ തന്റെ രക്ഷിതാവിങ്കലേക്ക് ഒരു മാർഗം സ്വീകരിച്ചു കൊള്ളട്ടെ." (73:17–19)**

ഉറ്റവരെയും ഉടയവരെയും ഉപേക്ഷിച്ച് ഓരോരുത്തരും അന്ന് നെട്ടോട്ടത്തിലായിരിക്കും. **"എന്നാൽ ചെകിടടപ്പിക്കുന്ന ആ ശബ്ദം വന്നാൽ. അതായത് മനുഷ്യൻ തന്റെ സഹോദരനെ വിട്ട് ഓടിപ്പോകുന്ന ദിവസം. തന്റെ മാതാവിനെയും പിതാവിനെയും. തന്റെ ഭാര്യയെയും മക്കളെയും. അവരിൽപ്പെട്ട ഓരോ മനുഷ്യനും തനിക്ക് മതിയാവുന്നത്ര (ചിന്താ)വിഷയം അന്ന് ഉണ്ടായിരിക്കും." (80:33–37)**

ആ ദിവസത്തെ സംഭവങ്ങളെക്കുറിച്ച് ക്വുർആൻ വീണ്ടും ഓർമിപ്പിക്കുന്നു.

**"ആകാശം പൊട്ടി പിളരുമ്പോൾ.നക്ഷത്രങ്ങൾ കൊഴിഞ്ഞു വീഴുമ്പോൾ. സമുദ്രങ്ങൾ പൊട്ടി ഒഴുകുമ്പോൾ. ഖബ്റുകൾ ഇളക്കിമറിക്കപ്പെടുമ്പോൾ ഓരോ വ്യക്തിയും താൻ മുൻകൂട്ടി ചെയ്തു വെച്ചതും പിന്നോട്ട് മാറ്റിവെച്ചതും എന്താണെന്ന് അറിയുന്നതാണ്."**

(82:1–5)

ക്വുർആനിന്റെ അവസാന ഭാഗത്തെ ചെറിയ അധ്യായങ്ങളിൽ മുഖ്യമായി ഇത്തരം സംഗതികളെക്കുറിച്ചുള്ള വ്യത്യസ്ത വിവര ണങ്ങളാണുള്ളത്.

**ഉയിർത്തെഴുന്നേൽപും വിചാരണയും**

സർവതും നശിച്ച് അതോടെ എല്ലാം തീർന്നു എന്നല്ല ക്വുർ ആൻ പഠിപ്പിക്കുന്നത്. അതോടെ ശരിയായ ശാശ്വത ജീവിതത്തി ന്റെ തുടക്കം കുറിക്കുകയാണ്. മരിച്ച് കിടന്നവർ എല്ലാവരും അല്ലാ ഹുവിന്റെ ഉത്തരവനുസരിച്ച് ജീവനോടെ എഴുന്നേറ്റു വരുന്നതാ ണ്.

**"കാഹളത്തിൽ ഊതപ്പെടും. അപ്പോൾ അവർ ഖബ്റുകളിൽ നിന്ന് അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ച് ചെല്ലും. അവർ പറ യും: നമ്മുടെ നാശമേ! നമ്മുടെ ഉറക്കത്തിൽ നിന്ന് നമ്മെ എഴു ന്നേൽപിച്ചതാരാണ്? ഇത് പരമകാരുണികൻ വാഗ്ദാനം ചെയ്ത താണല്ലോ. ദൈവദൂതന്മാർ സത്യം തന്നെയാണ് പറഞ്ഞത്. അത് ഒരൊറ്റ ഘോരശബ്ദം മാത്രമായിരിക്കും. അപ്പോഴതാ അവർ ഒന്നടങ്കം നമ്മുടെ അടുക്കൽ ഹാജരാക്കപ്പെടുന്നു." (36:51–53)**

**"ദൃഷ്ടികൾ താഴ്ന്നു പോയവരായ നിലയിൽ ഖബ്റുകളിൽ നിന്ന് (നാലുപാടും) പരന്ന വെട്ടുകിളികളെന്നോണം അവർ പുറപ്പെട്ട് വരും. വിളിക്കുന്നവന്റെ അടുത്തേക്ക് അവർ ധൃതിപ്പെട്ട് ചെല്ലുന്നവരായിരിക്കും. സത്യനിഷേധികൾ (അന്ന്)പറയും: ഇ തൊരു പ്രയാസകരമായ ദിവസമാകുന്നു." (54:7–8)**

**"അതായത് അവർ ഒരു നാട്ടക്കുറിയുടെ നേരെ ധൃതിപ്പെട്ട് പോകുന്നത് പോലെ ഖബ്റുകളിൽ നിന്ന് പുറപ്പെട്ടു പോകുന്ന ദിവസം. അവരുടെ കണ്ണുകൾ കീഴ്പോട്ട് താണിരിക്കും. അപമാനം അവരെ ആവരണം ചെയ്തിരിക്കും. അതാണ് അവർക്ക് താക്കീത് നൽകപ്പെട്ടിരുന്ന ദിവസം." (70:43–44)**

സർവ മനുഷ്യരും ഒരുമിച്ചുകൂടുന്ന ആ ദിവസം നീതിമാനായ അല്ലാഹു സൃഷ്ടികൾക്കിടയിൽ നീതിപൂർവകമായി തീർപ് കൽപി ക്കും. ദൈവിക നിർദ്ദേശങ്ങൾ പാലിച്ച് നന്ദിയുള്ളവരായി ജീവിച്ച അവന്റെ ദാസന്മാർക്ക് അളവറ്റ പ്രതിഫലങ്ങളും ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും അനുഗൃഹീത ലോകമായ സ്വർഗവും ധിക്കാ

രിക്കും അവിശ്വാസികളുമായ നന്ദികെട്ട മനുഷ്യർക്ക് കഠിനമായ ശിക്ഷയും നരകവും പ്രതിഫലമായി നൽകുന്നതാണ്. എത്ര വലിയ ധിക്കാരിയും അന്ന് പഞ്ചപുഛമടക്കി വിചാരണയെ നേരിടുന്ന രംഗം ക്വുർആൻ ഉണർത്തുന്നത് കാണുക.

**"ഭൂമി ഈ ഭൂമിയല്ലാത്ത മറ്റൊന്നായും, അത് പോലെ ആകാശങ്ങളും മാറ്റപ്പെടുകയും ഏകനും സർവാധികാരിയുമായ അല്ലാഹുവിങ്കലേക്ക് അവരെല്ലാം പുറപ്പെട്ട് വരുകയും ചെയ്യുന്ന ദിവസം. ആ ദിവസം കുറ്റവാളികളെ ചങ്ങലകളിൽ അന്യോന്യം ചേർത്ത് ബന്ധിക്കപ്പെട്ടതായിട്ട് നിനക്ക് കാണാം. അവരുടെ കുപ്പായങ്ങൾ കറുത്ത കീല് (ടാർ) കൊണ്ടുള്ളതായിരിക്കും. അവരുടെ മുഖങ്ങളെ തീ പൊതിയുന്നതുമാണ്. ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചുണ്ടാക്കിയതിനുള്ള പ്രതിഫലം അല്ലാഹു നൽകുവാൻ വേണ്ടിയത്രെ അത്." (14:48-52)**

**"അവർ വെളിക്കു വരുന്ന ദിവസമത്രെ അത്. അവരെ സംബന്ധിച്ച് യാതൊരു കാര്യവും അല്ലാഹുവിന്ന് ഗോപ്യമായിരിക്കുകയില്ല. ഈ ദിവസം ആർക്കാണ് രാജാധികാരം? ഏകനും സർവാധിപതിയുമായ അല്ലാഹുവിന്. ഈ ദിവസം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും." (40:16-17)**

സുകൃതവാന്മാർക്കും കുറ്റവാളികൾക്കും അവിടെ നേരിടാനിരിക്കുന്ന അവസ്ഥാവിശേഷങ്ങളെക്കുറിച്ച് ക്വുർആൻ പലയിടങ്ങളിലായി വിശദമാക്കിയിട്ടുണ്ട്.

**"തീർച്ചയായും സ്വർഗവാസികൾ അന്ന് ഓരോ ജോലിയിലായിക്കൊണ്ട് സുഖമനുഭവിക്കുന്നവരായിരിക്കും. അവരും അവരുടെ ഇണകളും തണലുകളിൽ അലംകൃതമായ കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും. അവർക്കവിടെ പഴവർഗങ്ങളുണ്ട്, അവർക്ക് തങ്ങൾ ആവശ്യപ്പെടുന്നതല്ലാമുണ്ട്. സമാധാനം! അതായിരിക്കും കരുണാനിധിയായ രക്ഷിതാവിങ്കൽ നിന്ന് അവർക്കുള്ള അഭിവാദ്യം." (36:55-58)**

### പരലോകം യാഥാർഥ്യമോ?

മരണശേഷം ഇങ്ങനെയൊരു വിചാരണവും പ്രതിഫലവുമൊക്കെയുള്ള നീതിയുടെ ലോകം ഉണ്ടായിരുന്നെങ്കിൽ നല്ലതുതന്നെ എന്ന് ആഗ്രഹിക്കുന്നവരാണ് മനുഷ്യരിൽ അധികപേരും. നീതിയും

നന്മയും ആഗ്രഹിക്കുന്ന മനസ്സിന്റെ തേട്ടമാണത്. പക്ഷെ, അങ്ങനെയൊന്നില്ലല്ലോ എന്ന് നിരാശയോടെ നിഷേധിക്കുന്നവരാണ് മനുഷ്യരിൽ ചിലർ. വാസ്തവത്തിൽ അങ്ങനെയൊരു പാരത്രികലോകമുണ്ടോ? അത് കാണുകയും അനുഭവിക്കുകയും ചെയ്ത ആരെങ്കിലുമുണ്ടോ? ഉയിർത്തെഴുന്നേൽപും വിചാരണയും നരകവും സ്വർഗവുമൊക്കെ യാഥാർഥ്യമാണോ? മരിച്ച് മണ്ണും അസ്ഥിശകലങ്ങളുമായി തീർന്ന മനുഷ്യൻ എങ്ങനെ വീണ്ടും ജീവിക്കും? എന്നിത്യാദി നിരവധി സംശയങ്ങളും ആശയക്കുഴപ്പങ്ങളും പലരെയും അലട്ടാറുണ്ട്.

വിശുദ്ധ ക്വുർആൻ പരലോകത്തിന്റെ സംഭവ്യതയും സത്യതയും വിവിധ രൂപത്തിൽ തറപ്പിച്ചുപറയുകയും വിശദീകരിക്കുകയും ചെയ്യുന്നുണ്ട്. അവ മനസ്സിരുത്തി വായിച്ച് പഠനവിധേയമാക്കുന്ന ആർക്കും പരലോകം സത്യമാണ്, മിഥ്യയല്ല എന്ന് ബോധ്യപ്പെടുന്നതാണ്. അല്ലാഹു പറയുന്നു:

**"മനുഷ്യൻ കണ്ടില്ലേ; അവനെ നാം ഒരു ബീജകണത്തിൽ നിന്നാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്? എന്നിട്ട് അവനതാ ഒരു പ്രത്യക്ഷമായ എതിർപ്പുകാരനായിരിക്കുന്നു. അവൻ നമുക്ക് ഒരു ഉപമ എടുത്തുകാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നുകളയുകയും ചെയ്തു. അവൻ പറഞ്ഞു: എല്ലുകൾ ദ്രവിച്ച് പോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്? പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ. പച്ചമരത്തിൽ നിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിത്തന്നവനത്രെ അവൻ അങ്ങനെ നിങ്ങളതാ അതിൽ നിന്ന് കത്തിച്ചെടുക്കുന്നു. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അതെ, അവനത്രെ സർവ്വവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും. താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു. മുഴുവൻ കാര്യങ്ങളുടെയും ആധിപത്യം ആരുടെ കയ്യിലാണോ, നിങ്ങൾ മടക്കപ്പെടുന്നത് ആരുടെ അടുത്തേക്കാണോ അവൻ എത്ര പരിശുദ്ധൻ!" (36:77–83)**

**"മനുഷ്യൻ വിചാരിക്കുന്നുണ്ടോ; നാം അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്ന്? അതെ, നാം അവന്റെ വിരൽത്തുമ്പുകളെ പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ." (75:3–4)**

കുറ്റമറ്റ ശരീര ഘടനയോടുകൂടി മനുഷ്യനെ സൃഷ്ടിച്ച അല്ലാഹു, മനുഷ്യന് വേണ്ടതെല്ലാം ഇവിടെ സംവിധാനിച്ച പരമകാരുണികൻ, മനുഷ്യജീവിതത്തിന് യാതൊരു അർഥവും ലക്ഷ്യവും കൽപിച്ചിട്ടില്ലാ എന്ന നിഗമനം എന്തുമാത്രം ഭോഷത്തരമല്ല! അങ്ങനെവരുമ്പോൾ ഈ ജീവിതത്തിനെന്ത് പ്രസക്തി? നന്മക്കും സദാചാരത്തിനും എന്ത് വില? സുകൃതം ചെയ്തവരും അപരാധികളും തുല്യരാണെന്നോ? ഏത് യുക്തിയും നീതിയുമാണ് ഇതിനെ ന്യായീകരിക്കുക? നന്മക്ക് നന്മയും തിന്മക്ക് ശിക്ഷയും കിട്ടണമെന്നതല്ലെ നീതിയും മനഃസാക്ഷിയും ആവശ്യപ്പെടുന്നത്. സ്രഷ്ടാവായ അല്ലാഹുവും സത്യസന്ധരായ പ്രവാചകന്മാരും മനുഷ്യബുദ്ധിയും മനഃസാക്ഷിയും സാക്ഷ്യപ്പെടുത്തിയ ഈ വസ്തുതയെ നിഷേധിക്കാൻ വാസ്തവത്തിൽ എന്താണ് ന്യായമുള്ളത്?

അല്ലാഹു ചോദിക്കുന്നു: **"അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ? എന്നാൽ യഥാർഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനത്രെ അവൻ."(23:115–116)**

അതിനുള്ള മറുപടിയും ചിന്താശേഷിയുള്ള മനുഷ്യരോടായി ക്വുർആൻ പറയുന്നു.

**"മനുഷ്യൻ വിചാരിക്കുന്നുവോ; അവൻ വെറുതെ വിട്ടേക്കപ്പെടുമെന്ന്! അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ? പിന്നെ അവൻ ഒരു ഭ്രൂണമായി. എന്നിട്ട് അല്ലാഹു (അവനെ) സൃഷ്ടിച്ചു സംവിധാനിച്ചു. അങ്ങനെ അതിൽ നിന്ന് ആണും പെണ്ണുമാകുന്ന രണ്ടു ഇണകളെ അവൻ ഉണ്ടാക്കി. അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലെ?" (75:36–40)**

ഏറ്റവും സത്യസന്ധരായവരുടെ സാക്ഷ്യത്തെ നിരാകരിക്കാൻ മാത്രമുള്ള ഏത് സാക്ഷ്യമാണ് നിഷേധികൾക്കുള്ളത്?

**"അല്ലാഹു– അവനല്ലാതെ യാതൊരു ദൈവവുമില്ല. ഉയിർത്തെ ഴുന്നേൽപിന്റെ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരു മിച്ചുകൂട്ടുക തന്നെ ചെയ്യും. അതിൽ സംശയമേ ഇല്ല." (4:87)**

**"ചോദിക്കുക: ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം ആരു ടെതാകുന്നു? പറയുക: അല്ലാഹുവിന്റേതത്രെ. അവൻ കാരുണ്യ ത്തെ സ്വന്തം പേരിൽ (ബാധ്യതയായി) രേഖപ്പെടുത്തിയിരിക്കുന്നു. ഉയിർത്തെഴുന്നേൽപിന്റെ നാളിലേക്ക് നിങ്ങളെ അവൻ ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. എന്നാൽ സ്വദേഹങ്ങളെത്തന്നെ നഷ്ടത്തിലാക്കിയവരത്രെ അവർ. അതിനാൽ അവർ വിശ്വസിക്കുകയില്ല." (6:12)**

നിഷേധത്തിന്റെ പിന്നിലെ ധിക്കാരവും അനീതിയും ക്വുർആൻ ഓർമിപ്പിക്കുന്നു.

**"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച അല്ലാഹു ഇവരെപ്പോലെ യുള്ളവരെയും സൃഷ്ടിക്കാൻ ശക്തനാണ് എന്ന് ഇവർ മന സ്സിലാക്കിയിട്ടില്ലേ? ഇവർക്ക് അവൻ ഒരു അവധി നിശ്ചയിച്ചിട്ടുണ്ട്. അതിൽ സംശയമേ ഇല്ല. എന്നാൽ നന്ദികേട് കാണിക്കാനല്ലാതെ ഈ അക്രമികൾക്ക് മനസ്സ് വന്നില്ല."(17:99)**

പരലോകത്തിന്റെ സംഭവ്യതയിൽ സന്ദേഹിക്കുന്നവരോട് ക്വുർ ആൻ സത്യസന്ധമായി ചിന്തിക്കുവാനാണ് ആവശ്യപ്പെടുന്നത്; തങ്ങ ളുടെ അവസ്ഥയെക്കുറിച്ചും ചുറ്റുപാടുമുള്ള പ്രകൃതി യാഥാർഥ്യ ങ്ങളെക്കുറിച്ചും. എന്നിട്ട് നിഷേധമെന്ന അന്ധവിശ്വാസം കയ്യൊഴി ക്കാനുമാണ് ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്. അല്ലാഹു പറയുന്നു.

**"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശയ ത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും, പിന്നീട് ബീജത്തിൽ നിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽക പ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാ കുന്നു) നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടു വരുന്നു. അനന്തരം നിങ്ങൾ നിങ്ങ ളുടെ പൂർണ ശക്തി പ്രാപിക്കുന്നതു വരെ (നാം നിങ്ങളെ വളർ**

**ത്തുന്നു) (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിൻമേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും, കൗതുകമുള്ള എല്ലാതരം ചെടികളേയും അത് മുളപ്പിക്കുകയും ചെയ്യുന്നു. അതെന്തുകൊണ്ടെന്നാൽ അല്ലാഹു തന്നെയാണ് സത്യമായുള്ളവൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനാണ്. അന്ത്യസമയം വരിക തന്നെചെയ്യും. അതിൽ യാതൊരു സംശയവുമില്ല. ഖബ്റുകളിലുള്ളവരെ അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യും." (22:5–7)**

പരലോകബോധം മനുഷ്യനെ നന്മയിലൂടെ നയിക്കാൻ തക്ക ശേഷിയുള്ളതാണ്. തിന്മകളിൽ നിന്ന് പരമാവധി വിട്ടുനിന്ന് നന്മകൾക്കായി പരസ്പരം മത്സരിച്ചു മുന്നേറാനുള്ള ശക്തമായ ഒരു ചാലക ശക്തിയായി അത് മനസ്സിൽ നിലകൊള്ളുമെന്നതിൽ സംശയമില്ല. പരലോക വിജയത്തിനായി ആത്മാർഥതയോടെ പ്രവർഥിക്കാനും ഇരുലോകത്തും വിജയംവരിക്കാനും സർവ്വശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ!. ആമീൻ.

അധ്യായം

# 7

# വിധിവിശ്വാസം

ഇസ്‌ലാമിക വിശ്വാസകാര്യങ്ങളിൽ ആറാമത്തേതായി നബിﷺ പഠിപ്പിച്ചതാണ് വിധിയിലുള്ള വിശ്വാസം. അഥവാ നന്മയും തിന്മയുമെല്ലാം അല്ലാഹുവിന്റെ നിശ്ചയമനുസരിച്ചാണുണ്ടാവുന്നത് എന്ന വിശ്വാസം. അൽ ഖദാഅ് വൽ ഖദ്ർ (വിധിയും നിർണയവും) എന്നാണ് സാങ്കേതികമായി ഇത് അറിയപ്പെടുന്നത്. അതായത് ലോകത്തുള്ള ചെറുതും വലുമായ എന്ത് സംഗതിയും അല്ലാഹുവിന്റെ അറിവും നിർണയവുമനുസരിച്ച് മാത്രമാണ് നടക്കുന്നത്.

പ്രമാണങ്ങളെ വിട്ട് സ്വന്തം ബുദ്ധിയും യുക്തിയും അടിസ്ഥാനമാക്കിയ പലരും വ്യതിചലിച്ചുപോയതും ഏറെ വിവാദങ്ങൾ സൃഷ്ടിച്ചതുമാണ് വിധിവിശ്വാസം എന്ന വിഷയം. ക്വുർആനും സുന്നത്തും ആവർത്തിച്ചു പറഞ്ഞതും സച്ചരിതരായ പൂർവികർ നിരാക്ഷേപം അംഗീകരിച്ചുപോന്നതുമായ സംഗതിയായിട്ടു കൂടി പ്രമാണത്തിന്റെ വെളിച്ചത്തിൽ വസ്തുനിഷ്ഠമായി കാര്യങ്ങൾ ഗ്രഹിക്കാൻ തയ്യാറല്ലാതിരുന്ന ചിലർ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുകയും വികലമായ വ്യാഖ്യാനങ്ങൾ നൽകി പ്രമാണങ്ങളെ വളച്ചൊടിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട് ഈ വിഷയത്തിൽ എന്ന വസ്തുത ആമുഖമായി തന്നെ നാം അറിഞ്ഞിരിക്കേണ്ടതാണ്.

അതിനാൽ ഇന്ദ്രീയാതീതങ്ങളായ വിശ്വാസകാര്യങ്ങളിൽ

പൊതുവിലും വിധിവിശ്വാസത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും വൈയക്തികങ്ങളായ അഭിപ്രായങ്ങൾക്കും നിഗമനങ്ങൾക്കും ഗവേഷണങ്ങൾക്കുമപ്പുറം പ്രമാണങ്ങൾ എന്തുപറയുന്നു എന്നും അല്ലാഹുവിന്റെ പ്രശംസക്കർഹരും പ്രവാചക ശിക്ഷണത്തിൽ വളർന്നു വരുന്നതുമായ പൂർവികരായ സച്ചരിതർ എങ്ങനെയാണിത് മനസ്സിലാക്കിയിരുന്നത് എന്നുമാണ് നാം അടിസ്ഥാനപരമായി അന്വേഷിക്കേണ്ടത്. അവരുടെ മാർഗമാണല്ലൊ വിശുദ്ധവും സുരക്ഷിതവുമായത്. ആ മാർഗം പിൻപറ്റുവാനാണ് പരിശുദ്ധ ക്വുർആനും നബിﷺയും നമ്മോട് നിരന്തരം ഉണർത്തിയതും.

അല്ലാഹു പറയുന്നു: **"തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!"(4:115)**

**"മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം." (9:100)**

സ്വഹീഹു മുസ്‌ലിമിൽ വിധിവിശ്വാസവുമായി ബന്ധപ്പെട്ട ഹദീഥ് ഉദ്ധരിക്കുമ്പോൾ അതിന്റെ ഒരു പ്രത്യേക പശ്ചാത്തലം കൂടി ആമുഖമായി ഉദ്ധരിക്കുന്നുണ്ട്. അതായത് യഹ്‌യബ്നു യഅ്മുറും ഹുമൈദ്ബ്നു അബ്ദിർ റഹ്മാൻ അൽ ഹിംയരിയും കൂടി മക്കത്ത് വച്ച് അബ്ദുല്ലാഹിബ്നു ഉമർ-നെ കണ്ടുമുട്ടാനിടയായി. അപ്പോൾ തങ്ങളുടെ നാട്ടിൽ അഥവാ ഇറാഖിൽ വിധിയെ നിഷേധിച്ചു കൊണ്ട് രംഗപ്രവേശം ചെയ്ത ഒരു വിഭാഗത്തെ കുറിച്ച് സ്വഹാബിയായ അബ്ദുല്ലാഹി ബ്നു ഉമർ-നോട് അവർ ചോദിച്ചു. അപ്പോൾ ഇബ്നു ഉമർ അവരോടു രണ്ടു പേരോടുമായി പറഞ്ഞു *"നിങ്ങൾ ആ വിധിനിഷേധികളെ കണ്ടുമുട്ടിയാൽ എനിക്ക് അവരുമായും*

*അവർക്ക് ഞാനുമായും യാതൊരു ബന്ധവുമില്ലെന്ന് അറിയിക്കുക. ഉമറിﷺന്റെ മകൻ അബ്ദുല്ലﷺ ഇതാ സത്യം ചെയ്തു പറയുന്നു; അവരിൽ ഒരാൾക്ക് ഉഹ്ദ് മലയോളം സ്വർണമുണ്ടാകുകയും അത വർ ചെലവഴിക്കുകയും ചെയ്താൽ പോലും വിധിയിൽ വിശ്വസി ക്കാത്തിടത്തോളം അല്ലാഹു അത് സ്വീകരിക്കുന്നതല്ല." ശേഷം പിതാവ് ഉമർﷺ പഠിപ്പിച്ചുകൊടുത്ത ഹദീഥ് അദ്ദേഹം അവർക്കു പറഞ്ഞുകൊടുത്തു. (മുസ്‌ലിം)*

കാരണം വിശ്വാസം (ഈമാൻ) ഇസ്‌ലാമിന്റെ അടിത്തറയാണ്. അതിന്റെ അഭാവത്തിലുള്ള കർമങ്ങൾ അപ്രസക്തവും അസ്വീകര്യ വുമാണെന്നാണ് ക്വുർആൻ പഠിപ്പിച്ചത്. (14:18,24:39,25:23 മുതലായ സൂക്തങ്ങൾ കാണുക.)

അതുകൊണ്ടു തന്നെ സച്ചരിതരായ പൂർവസൂരികൾ ഇത്തരം വിശ്വാസകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരിക്കുന്നു. പ്ര മുഖ താബിഈ പണ്ഡിതനായിരുന്ന ത്വാവൂസ്ﷺ പറയുന്നു. നബിﷺയുടെ അനുചരന്മാരായ ഒരു പറ്റം ആളുകളെ ഞാൻ കാ ണുകയുണ്ടായി. അവരൊക്കെയും പറഞ്ഞിരുന്നത് എല്ലാം വിധി യനുസരിച്ചാണ് സംഭവിക്കുന്നത് എന്നാണ്. അദ്ദേഹം പറയുന്നു: അബ്ദുല്ലാഹിബ്നു ഉമർﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടി ട്ടുണ്ട് *"ഉന്മേഷവും അശക്തിയുമടക്കം എല്ലാ കാര്യവും വിധിയനു സരിച്ചാണ്." (സ്വഹീഹു മുസ്‌ലിം)*

ഖദാ ഖദ്റിൻ അഥവാ വിധിയിൽ വിശ്വസിക്കാത്തവർക്കു അല്ലാ ഹുവിന്റെ ശാപ-കോപങ്ങളും ശിക്ഷയുമുണ്ടാകുമെന്ന നബി ﷺ താക്കീത് ചെയ്തിട്ടുണ്ട്.

അല്ലാഹു മാത്രമാണ് സ്രഷ്ടാവും നിയന്താവും ആകാശഭൂമിക ളിലുള്ള സർവതിന്റെയും ഉടമസ്ഥനും. അവൻ മാത്രമാണ് ആരാധ നക്കർഹനെന്നുള്ള ഏകദൈവ വിശ്വാസത്തിന്റെ (തൗഹീദിന്റെ) പൂർത്തീകരണം കൂടിയാണത്. അല്ലാഹുവിന്റെ മഹത്വവും ശക്തി മാഹാത്മ്യങ്ങളും നമ്മെ ബോധ്യപ്പെടുത്തുന്നതാണ് വാസ്തവ ത്തിൽ വിധിയിലുള്ള വിശ്വാസം.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയﷺ ഉദ്ധരിക്കുന്നു: ഇബ്നു അബ്ബാസ്ﷺ പറഞ്ഞതായി, വിധിവിശ്വാസം (ഖദർ) ഏകദൈവ ത്തിന്റെ (തൗഹീദിന്റെ) വ്യവസ്ഥിതിയാണ്. ആരെങ്കിലും

അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുകയും അവന്റെ വിധിയിൽ വിശ്വസിക്കുകയും ചെയ്താൽ അവരുടെ ഏകദൈവവിശ്വാസം (തൗഹീദ്) പരിപൂർണമായി. എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുകയും അവന്റെ വിധിയിൽ അവിശ്വസിക്കുകയും ചെയ്താൽ അത് അയാളുടെ ഏകദൈവവിശ്വാസം തകർത്തുകളഞ്ഞു. (മജ്മുഉഫതാവ വാ:8 പേ:258)

അല്ലാഹുവിനെ പരിചയപ്പെടുത്തിക്കൊണ്ട് അവന്റെ ഏകത്വവും (തൗഹീദും) ശക്തി മാഹാത്മ്യങ്ങളും (ഖുദ്റത്തും) വിധിനിർണയവും(ഖദ്റും) പരസ്പരം ചേർത്തുപറഞ്ഞ രംഗങ്ങൾ പരിശുദ്ധ ക്വുർആനിൽ പലയിടത്തും കാണാവുന്നതാണ്.

അല്ലാഹു പറയുന്നു: **"ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ആർക്കാണോ അവനത്രെ (അത് അവതരിപ്പിച്ചവൻ) അവൻ സന്താനത്തെ സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന്ന് യാതൊരു പങ്കാളിയും ഉണ്ടായിട്ടുമില്ല. ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും, അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു." (25:2)**

**"അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക. സൃഷ്ടിക്കുകയും, സംവിധാനിക്കുകയും ചെയ്ത (രക്ഷിതാവിന്റെ) വ്യവസ്ഥ നിർണയിച്ചു മാർഗദർശനം നൽകിയവനും..." (87:1–3)**

ചിലർ ഇതിനെ (വിധിവിശ്വാസത്തെ) കേവലം പ്രാപഞ്ചിക പ്രതിഭാസങ്ങളിലും പ്രകൃതിനിയമങ്ങളിലും മാത്രം പരിമിതപ്പെടുത്തി വിശദീകരിക്കുന്നത് കാണാം. അത് ഇസ്‌ലാം പഠിപ്പിച്ച വിധിവിശ്വാസത്തെ ശരിയായ രൂപത്തിൽ ഉൾക്കൊള്ളുന്നതോ, ഇസ്ലാമിക പ്രമാണങ്ങളോട് നീതി പുലർത്തുന്നതോ ആയ വിവരണമല്ല.

**എന്താണ് വിധിവിശ്വാസം?**

ഇസ്‌ലാം പഠിപ്പിക്കുന്ന വിധിവിശ്വാസത്തിനു സുപ്രധാനങ്ങളായ നാലു ഘടകങ്ങൾ അഥവാ നാലു തലങ്ങളുണ്ട്. അവയുൾക്കൊള്ളാത്ത വിധിവിശ്വാസം കുറ്റമറ്റതല്ല. പ്രമാണങ്ങളിൽ നിന്നകന്ന് യുക്തിക്കും നിഗമനങ്ങൾക്കും പ്രാധാന്യം കൽപിക്കുന്ന പിൽക്കാലക്കാരുടെ വിശദീകരണങ്ങളാണ് അത്തരത്തിലുള്ള വിവരങ്ങൾ കാണാൻ സാധിക്കുന്നത്. ആ നാല് ഘടകങ്ങളും അവ

യുടെ താൽപര്യവും വിശദീകരിക്കാം.

***1. അല്ലാഹുവിന്റെ അറിവ്:***

ഭാവി-ഭൂത-വർത്തമാന വ്യത്യാസങ്ങളില്ലാതെ എല്ലാ സംഗതികളും അല്ലാഹു ആദ്യമേ തന്നെ അറിഞ്ഞിട്ടുള്ളതാണ് എന്നതാണ് ഖദാ-ഖദർ അഥവാ വിധിവിശ്വാസത്തിലെ ഒന്നാമത്തെ ഘടകം. സൂക്ഷ്മവും വിശദവുമായി എല്ലാ കാര്യങ്ങളും അവ ഉണ്ടാകുന്നതിനു മുമ്പേ തന്നെ അല്ലാഹു അറിഞ്ഞിട്ടുണ്ട്. അല്ലാഹു സ്വയം പരിചയപ്പെടുത്തിയ നാമങ്ങളും അവയുൾക്കൊള്ളുന്ന വിശേഷങ്ങളും ഈ വസ്തുതയിലേക്ക് വിരൽചൂണ്ടുന്നതാണ്. അഥവാ അല്ലാഹു എല്ലാമറിയുന്നവനും (അൽ അലീം) എല്ലാം കേൾക്കുന്നവനും (അസ്സമീഅ്) എല്ലാം കാണുന്നവനും (അൽ ബസ്വീർ) സൂക്ഷ്മജ്ഞാനിയും (അൽ ഖബീർ) ഒക്കെയാണെന്ന് പറയുമ്പോൾ ഈ വസ്തുതയാണ് അറിയിക്കുന്നത്.

അല്ലാഹു അവന്റെ അറിവിനെ കുറിച്ച് നമ്മെ അറിയിക്കുന്നത് കാണുക.

**“അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല. ” (6:59)**

34:3, 53:35, 59:22, 65:12 മുതലായ സൂക്തങ്ങളും ഇക്കാര്യത്തിൽ വ്യക്തമാണ്.

***2. രേഖപ്പെടുത്തൽ:***

അല്ലാഹുവിന്റെ അറിവിൽപ്പെടാത്ത യാതൊന്നുമില്ല എന്നതുപോലെ തന്നെ എല്ലാ സംഗതികളും അവൻ ഒരു സംരക്ഷിത ഫലകത്തിൽ (അല്ലൗഹുൽ മഹ്ഫൂദ്)രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭൗതിക ലോകത്തെ ഏതെങ്കിലും ഫലകങ്ങളെയോ ഗ്രന്ഥങ്ങളെയോ പോലെ നമുക്കതിനെ സങ്കൽപിക്കാൻ കഴിയില്ല. കാരണം അത് നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കപ്പുറമുള്ള മറഞ്ഞ കാര്യങ്ങളിൽ (ഗൈബ്) പെട്ടതാണ്.

*അബ്ദുല്ലാഹി ബ്നു അംറി ബ്നിൽ ആസ്ﷺ പറയുന്നു. നബിﷺ ഇപ്രകാരം പറയുന്നതിനായി ഞാൻ കേട്ടിട്ടുണ്ട്. ആകാശ-ഭൂമികളെ സൃഷ്ടിക്കുന്നതിന്റെ അമ്പതിനായിരം വർഷങ്ങൾക്കു മുമ്പു തന്നെ സൃഷ്ടികളുടെ വിധിനിർണയങ്ങൾ അല്ലാഹു രേഖപ്പെടുത്തി. (സ്വഹീഹു മുസ്ലിം)*

വിശുദ്ധ ക്വുർആൻ വ്യത്യസ്തങ്ങളായ പേരുകളിലൂടെ ഇത്തരം ഒരു രേഖയെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. (6:59, 57:22, 23) തുടങ്ങി പല വചനങ്ങളിലും അത് കാണാം.

### *3. അല്ലാഹുവിന്റെ ഉദ്ദേശ്യം അഥവാ മശീഅത്ത്:*

ലോകത്ത് ചെറുതും വലുതുമായ എന്തും അല്ലാഹുവിന്റെ ഉദ്ദേശ്യവും അനുമതിയും അനുസരിച്ച് മാത്രമേ ഉണ്ടാകുന്നുള്ളു എന്നതാണ് ഇതുകൊണ്ടു അർഥമാക്കുന്നത്. അല്ലാഹു ഉദ്ദേശിക്കുന്നതെന്തോ അത് നടക്കുന്നു. അവനുദ്ദേശിക്കാത്തത് നടക്കുകയില്ല. അത് അല്ലാഹുവിന്റെ ആധിപത്യത്തെയും അധികാരത്തേയും അറിയിക്കുന്ന സംഗതി കൂടിയാണ്. അഥവാ അവന്റെ അറിവും അനുമതിയുമില്ലാതെ യാതൊന്നും അവന്റെ ആധിപത്യത്തിലുള്ള ഈ ലോകത്ത് നടക്കുന്നില്ല എന്നർഥം. *"നിനക്ക് വല്ല ദോഷവും ബാധിച്ചാൽ ഇങ്ങിനെ ചെയ്തിരുന്നെങ്കിൽ ഇങ്ങിനെയാകുമായിരുന്നു എന്ന് നീ പറയരുത്. നിശ്ചയം, അങ്ങനെയാണെങ്കിൽ, അല്ലെങ്കിൽ ഇങ്ങനെ ചെയ്തിരുന്നെങ്കിൽ തുടങ്ങിയ ചിന്തകൾ പിശാചിന്റെ പ്രവർത്തനങ്ങൾക്ക് വാതിൽ തുറക്കുന്നതാണ്." (സ്വഹീഹ് മുസ്ലിം)*

വിശന്ന് അവശനായിരിക്കുന്ന ഒരാൾ ദൈവവിധിയുണ്ടെങ്കിൽ എന്റെ വിശപ്പ് മാറുമെന്ന് നിനച്ച് വെറുതെ ഇരിക്കാറില്ല. പ്രത്യുത വിശപ്പ് മാറ്റാനായി ഭക്ഷണം കഴിക്കാനുള്ള ഏർപ്പാട് ചെയ്യും. ദാഹിക്കുമ്പോഴും അങ്ങനെ തന്നെ. തന്റെ നേരെ ചീറിപ്പാഞ്ഞു വരുന്ന ഒരു വാഹനം കാണുമ്പോൾ ദൈവവിധിയുണ്ടെങ്കിലേ അപകടത്തിൽ പെടുകയുള്ളൂ എന്നു പറഞ്ഞു ആരും അവിടെ തന്നെ നിന്നു കൊടുക്കാറില്ല. മറിച്ച് തന്റെ നന്മക്ക് ഉതകുന്ന പ്രവർത്തനങ്ങൾ ഓരോരുത്തരും ചെയ്യും. ഇപ്രകാരം തന്നെ നന്മ തിന്മകളുടെ കാര്യത്തിലും തന്നോട് നിർദേശിക്കപ്പെട്ട കാര്യങ്ങൾ ചെയ്യാൻ ഓരോരുത്തരും ബാധ്യസ്ഥരാണ്.

ഓരോരുത്തരുടെയും തീരുമാനങ്ങളും ചെയ്തികളും കാലെക്കൂട്ടി

അറിയുന്ന പടച്ചതമ്പുരാൻ അത് കൂടി പരിഗണിച്ച് കാര്യങ്ങൾ രേഖപ്പെടുത്തി എന്നുമാത്രം. അല്ലാതെ രേഖപ്പെടുത്തിയതിന്റെ പേരിൽ ഒരാൾക്കും പ്രവർത്തനസ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന ഒരു നിർബന്ധിതാവസ്ഥയും ഇവിടയില്ല താനും.

അല്ലാഹു പറയുന്നു: **"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കി വെച്ചിട്ടുണ്ട്. അതിന്റെ കൂടാരം അവരെ വലയം ചെയ്തിരിക്കുന്നു. അവർ വെള്ളത്തിനപേക്ഷിക്കുന്ന പക്ഷം ഉരുക്കിയ ലോഹം പോലുള്ള ഒരു വെള്ളമായിരിക്കും. അവർക്ക് കുടിക്കാൻ നൽകപ്പെടുന്നത്. അത് മുഖങ്ങളെ എരിച്ച് കളയും. വളരെ ദുഷിച്ച പാനീയം തന്നെ. അത് (നരകം) വളരെ ദുഷിച്ച വിശ്രമസ്ഥലം തന്നെ." (18:29)**

**"കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു. തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു." (76:2–3)**

അല്ലാഹു എല്ലാം രേഖപ്പെടുത്തിവെച്ചുവെന്നത് കൊണ്ട് ഒരാളുടെയും നന്മ-തിന്മകൾ തെരെഞ്ഞെടുക്കുവാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം ഇല്ലാതെയാകുന്നില്ലെന്നർഥം. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. ഇരുപത് കുട്ടികളെ പഠിപ്പിക്കുന്ന ഒരധ്യാപകൻ കേവലം പാഠഭാഗങ്ങൾ ചൊല്ലിക്കൊടുക്കുന്നതിനപ്പുറം ആത്മാർഥമായ ഒരു മാർഗദർശികൂടിയായ അദ്ദേഹം കൃത്യമായി ഒരോ നന്മയെ കുറിച്ചും അവരെ ബോധ്യപ്പെടുത്തുകയും ഉപദേശിക്കുകയും ചെയ്യുന്നു. നിശ്ചിത പാഠഭാഗങ്ങൾ പൂർത്തിയാക്കിയത്തിനു ശേഷം പരീക്ഷ നടത്തുന്നതിനു മുമ്പ് തന്റെ കൃത്യമായ അറിവിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ ആ ഇരുപതു കുട്ടികളുടെയും റിസൽട്ടുകൾ തയ്യാറാക്കി ഭദ്രമായി മേശയിൽ വച്ചുപൂട്ടി. പിന്നീട് വേറെ അധ്യാപകൻ വന്ന് പരീക്ഷ നടത്തുകയും റിസൽട്ട് തയ്യാറാക്കുകയും ചെയ്തു. ഫലം നോക്കു

മ്പോൾ ആദ്യത്തെ അധ്യാപകർ രേഖപ്പെടുത്തിയതിനോട് ഇത് നൂറ് ശതമാനവും യോജിക്കുന്നതായിക്കണ്ടാൽ ആ അധ്യാപകന്റെ കഴിവും മഹത്വവുമായിരിക്കും ഏതൊരു നിഷ്പക്ഷമതിയും വില യിരുത്തുക. അദ്ദേഹത്തെ സത്യസന്ധരായ ഓരോരുത്തരും മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്യും. റിസൽട്ട് കാലേക്കൂട്ടി എഴുതിവച്ചതിന്റെ പേരിൽ പരാജിതരായ കുട്ടികൾ പോലും-അവർ നീതിനിഷ്ഠയുള്ളവരാണെങ്കിൽ-അധ്യാപകനെ പഴിക്കുകയില്ല. മറിച്ച് സ്വന്തത്തെ തന്നെയായിരിക്കും അവർക്കു കുറ്റപ്പെടുത്താനു ണ്ടാവുക. കാരണം അധ്യാപകൻ തന്റെ അറിവും വിലയിരുത്ത ലുമനുസരിച്ച് രേഖപ്പെടുത്തിയ റിസൽട്ട് അവരുടെ പ്രവ ർത്തനസ്വാതന്ത്ര്യങ്ങളെയൊന്നും നിഷേധിച്ചിട്ടുണ്ടായിരുന്നില്ല.

ഇതേപ്രകാരം നരകാവകാശികളാകുന്നവരാരൊക്കെയെന്നു അവ രുടെ തീരുമാനങ്ങളും പ്രവർത്തനങ്ങളും കാലേക്കൂട്ടി മലസ്സിലാ ക്കിയ പടച്ചവൻ രേഖപ്പെടുത്തി വെച്ചതിൽ തരിമ്പും അനീതിയി ല്ലന്ന് മാത്രമല്ല അവന്റെ കഴിവും മഹത്വവും നിഷ്പക്ഷമതികൾക്ക് ബോധ്യപ്പെടുകയും ചെയ്യും.

### *4. സൃഷ്ടിപ്പ്*

അല്ലാഹുമാത്രമാണ് സ്രഷ്ടാവ്. അവനല്ലാത്തതൊക്കെയും അവന്റെ സൃഷ്ടികളാണ്.

അല്ലാഹു പറയുന്നു: **“അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യ കർത്താവുമാകുന്നു”. (39:62)**

**“ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അതെ, അവനത്രെ സർവ്വവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും”. (36:81)**

**“ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും, ഇരുട്ടുകളും വെളിച്ചവും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സ്തുതി. എന്നിട്ടുമതാ സത്യനിഷേധികൾ തങ്ങളുടെ രക്ഷിതാവിന് സമന്മാരെ വെക്കുന്നു”.(6:1)**

നന്മകൾക്ക് ഒരു സ്രഷ്ടാവും തിന്മകൾക്കും കഷ്ടതകൾക്കും മറ്റൊരു സ്രഷ്ടാവും എന്ന സങ്കൽപം ഇസ്‌ലാമിനന്യമാണ്. ഇരു ട്ടിനെയും വെളിച്ചത്തെയും രണ്ട് സ്രഷ്ടാക്കളായി സങ്കൽപിക്കു

ന്നതും അന്ധവിശ്വാസമാണ്. മനുഷ്യരടക്കമുള്ള സർവ സൃഷ്ടികളും അവയുടെ പ്രവർത്തനങ്ങളും ഗുണഗണങ്ങളും അല്ലാഹുവിന്റെ സൃഷ്ടികളുടെ ഗണത്തിലാണ് വരിക.

അല്ലാഹു പറയുന്നു: **"അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്". (37:96)**

**"(നബിയേ,) ചോദിക്കുക: ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്? പറയുക: അല്ലാഹുവാണ്. പറയുക: എന്നിട്ടും അവന്നു പുറമെ അവരവർക്കു തന്നെ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ നിങ്ങൾ സ്വീകരിച്ചിരിക്കുകയാണോ? പറയുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അഥവാ ഇരുട്ടുകളും വെളിച്ചവും തുല്യമാകുമോ? അതല്ല, അല്ലാഹുവിന് പുറമെ അവർ പങ്കാളികളാക്കി വെച്ചവർ, അവൻ സൃഷ്ടിക്കുന്നത് പോലെത്തന്നെ സൃഷ്ടി നടത്തിയിട്ട് (ഇരു വഭാഗത്തിന്റെയും) സൃഷ്ടികൾ അവർക്ക് തിരിച്ചറിയാതാവുകയാണോ ഉണ്ടായത്? പറയുക: അല്ലാഹുവത്രെ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്. അവൻ ഏകനും സർവ്വാധിപതിയുമാകുന്നു". (13:16)**

### വിധിവിശ്വാസത്തിന്റെ ഗുണഫലങ്ങൾ

ഇസ്‌ലാം പഠിപ്പിക്കുന്ന വിധിവിശ്വാസം ശരിയായ വിധത്തിൽ ഉൾക്കൊള്ളുന്ന ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം നിരവധി ഗുണപരമായ ഫലങ്ങൾ നേടിയെടുക്കാൻ സാധിക്കുമെന്നതാണ് വസ്തുത. അല്ലാഹുവിന്റെ നിശ്ചയപ്രകാരമാണ് കാര്യങ്ങളൊക്കെയും നടക്കുന്നതെന്നും കാരുണ്യവാനും നീതിമാനുമായ അല്ലാഹുവിന്റെ വിധിയിൽ അത്യന്തികമായി തനിക്ക് നന്മമാത്രമേ ഉണ്ടാവുകയുള്ളു എന്നും തിരിച്ചറിയുന്ന വിശ്വാസി അത്യധികം സമാധാനം അനുഭവിക്കുന്നയാളായിരിക്കും.

അല്ലാഹു പറയുന്നു: **"യുദ്ധം ചെയ്യാൻ നിങ്ങൾക്കിതാ നിർബന്ധകൽപന നൽകപ്പെട്ടിരിക്കുന്നു. അതാകട്ടെ നിങ്ങൾക്ക് അനിഷ്ടകരമാകുന്നു. എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം.**

**അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല."(2:216)**

ഒരിക്കലും നിരാശനാവാതെ ദുഃഖങ്ങളില്ലാതെ സന്തോഷകര മായ ഒരു ജീവിതം നയിക്കാൻ പ്രസ്തുത വിശ്വാസം അയാളെ പ്രാപ്തനാക്കുന്നതാണ്. ഒരിക്കലും അയാൾ തനിക്കുണ്ടായ നേട്ട ങ്ങളുടെ പേരിൽ അമിതമായി ആഹ്ലാദിക്കുകയോ അഹങ്കരിക്കുക യോ ചെയ്യുകയുമില്ല. കാരണം തന്റെ പ്രയത്നങ്ങൾ എന്നതിനേ ക്കാളുപരി അല്ലാഹുവിന്റെ നിശ്ചയവും അനുഗ്രഹവുമാണ് ഈ നേട്ടങ്ങളെന്ന് അയാൾ തിരിച്ചറിയുന്നു. അതോടെ വിനയാന്വിതനും നന്ദിയുള്ള ദാസനുമായി മാറുന്ന അയാൾ, ആ നേട്ടങ്ങളോടനുബ ന്ധമായി സ്രഷ്ടാവായ അല്ലാഹു തന്നോട് നിർദേശിച്ച നന്മയുടെ യും നീതിയുടെയും വിധിവിലക്കുകൾ പാലിച്ചുകൊണ്ട് കടമകൾ നിർവഹിക്കുന്ന കാര്യത്തിലും മുൻപന്തിയിലുണ്ടാകും.

അല്ലാഹു പറയുന്നു: **"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അ തിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബ ന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്) നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കു വാനും, നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാ ദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാ രിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല." (57:22,23)**

അത്യന്തികമായി അല്ലാഹുവിന്റെ തീരുമാനമനുസരിച്ചാണ് കാര്യ ങ്ങൾ നടക്കുക എന്ന് തിരിച്ചറിയുമ്പോൾ തനിക്ക് ചെയ്യാനുള്ള തെല്ലാം ചെയ്ത് ശേഷം ബാക്കി പടച്ചവനിൽ ഭരമേൽപിച്ച് അവ നോടുമാത്രം പ്രാർഥിച്ച് സ്വസ്ഥതയോടെ ജീവിക്കാനും ഏത് ഘട്ടത്തിലും ക്ഷമ കൈക്കൊള്ളാനും വിശ്വാസിക്കു സാധിക്കും. അപ്രകാരം തന്നെ ഭാവിയെ കുറിച്ച വ്യാകുലതകളും ഉൽകണ്ഠ കളും അയാളെ അസ്വസ്ഥനാക്കുകയില്ല. എല്ലാം അല്ലാഹുവിന്റെ വിധി പോലെ എന്ന് സമാധാനിച്ച് ധൈര്യസമേതം അയാൾ സർവ നന്മകളിലേക്കും ഇറങ്ങിപ്പുറപ്പെടും. അല്ലാഹുവിനെ സംബന്ധിച്ച് ശുഭാപ്തി വിശ്വാസമായിരിക്കും അയാൾക്കുണ്ടാവുക.

ജീവിതയാഥാർഥ്യങ്ങളിൽ നിന്ന് ഒളിച്ചോടാനോ ജീവിതത്തിൽ

പരാജയം സമ്മതിക്കാനോ അയാൾ സന്നദ്ധമാവുകയില്ല. ആത്മ ഹത്യാചിന്തയും മനസ്സമാധാനത്തിനായി മദ്യവും മയക്കുമരുന്നും പോലുള്ളവയെ ആശ്രയിക്കലും അയാളെ സംബന്ധിച്ചിടത്തോളം അടഞ്ഞ അധ്യായങ്ങളായിരിക്കും. അല്ലാഹുവിന്റെ മുമ്പിലല്ലാതെ തലകുനിക്കാത്ത ധീരനും അഭിമാനിയും ആർക്കും പാദസേവ ചെയ്യാത്ത ആദർശധീരനുമായിരിക്കുമയാൾ.

ജീവിത പരീക്ഷണങ്ങളുടെ പരുപരുത്ത യാഥാർഥ്യങ്ങൾക്കു മുൻപിൽ ഒരു യഥാർഥ വിശ്വാസിയുടെ നിലപാടെന്താണെന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കിയത് ഇത്തരത്തിലുള്ള വിശ്വാസി കളെ മുന്നിൽ കണ്ടുകൊണ്ടാണ്.അല്ലാഹു പറയുന്നു:

**“കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവ നഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെ യ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷ വാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അ വർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീന ത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരി ക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹ ങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സന്മാർഗം പ്രാപിച്ച വർ.” (2:155–157)**

സർവോപരി അല്ലാഹുവും അവന്റെ ദൂതനും പഠിപ്പിച്ച യഥാർഥ വിശ്വാസം സ്വീകരിച്ച് ആത്യന്തിക വിജയം നേടാനും അയാൾക്ക തിലൂടെ സാധിക്കുന്നു. സർവശക്തനായ അല്ലാഹു അവനവതരി പ്പിച്ച യഥാർഥ വിശ്വാസങ്ങളും ആദർശങ്ങളും സ്വീകരിച്ച് ജീ വിതവിജയം കരസ്ഥമാക്കാൻ നമ്മെ അനുഗ്രഹിക്കട്ടെ! (ആമീൻ)

**കൂടുതൽ പഠിക്കാൻ**


| NICHE OF TRUTH |
| --- |
| P.B. N0: 832, Poothole, Thrissur-4. |
| Tel: 9746547777 |
| Email:dawa@nicheoftruth.org |
| www.nicheoftruth.org |

# ***NOTES***

***NOTES***

***NOTES***